SDOF SUNDAY

Vol. 01 No. 07 THE ONLINE OFFICIAL NEWS BULLETIN OF SDOF 2026 July 05

SDOF SUNDAY

Vol. 01, No. 07, 2026 July 05

Editorial Board

President
H.G. Geevarghese Mar Philoxenos

Vice President
Fr. Biju T Mathew

General Secretary
Shibu K Abraham

Treasurer
Adv. Oommen John

Publisher
Fr. V G Koshy Vaidyan

Chief Editor
Raj Philip

Editorial Board Members

Prinu T Mathews
Santhosh Daniel

Published by Fr. V G Koshy Vaidyan on behalf of St. Dionysius Orthodox Fellowship for the glory of God and for the benefit of humankind.

Typesetting & Design
Joice Thottackad
Sophia Print House, Kottayam
Mob: 7012270083

For Private Circulation only

Send your articles and news to the following
E-mail
sdofsunday@gmail.com
or
Whatsapp No.
7012270083

സങ്കീർത്തന ധ്യാനം

ഫാ. ബിജു റ്റി. മാത്യു പുത്തൻകാവ്

121-ാം സങ്കീർത്തനം

ദൈവീക ഇടപെടലുകൾ വിശ്വാസ ജീവിത ബോദ്ധ്യത്തിലൂടെ തിരിച്ചറിയുക

സംരക്ഷിത ഹൃദയത്തിന്റെ സങ്കീർത്തനം (The psalm of Guarded Heart), പർവ്വത സങ്കീർത്തനം (Mountain Psalm), തീർത്ഥാടകന്റെ സങ്കീർത്തനം (The Traveler's psalm) ഈ വിധത്തിൽ വിശേഷണമുള്ള ഒരു സങ്കീർത്തനമാണ് 121-ാം സങ്കീർത്തനം. യരുശലേം തീർത്ഥാടകന്റെ ആത്മസമർപ്പണത്തിലൂന്നിയ ഭക്തപേക്ഷകളും, ദൈവീക സംരക്ഷണത്തിന്റെ ദിവ്യാനുഭവങ്ങളുമാണ് ഇതിന്റെ ഉള്ളടക്കം. ഈ സഞ്ചാരിയുടെ സങ്കീർത്തനത്തിൽ തീർത്ഥാടകന് നൽകപ്പെടുന്ന 4 ഉറപ്പുകൾ / വാഗ്ദാനങ്ങൾ.

1. Promise of Direction

സങ്കീർത്തനം 121 : 1,2 ഞാൻ എന്റെ കണ്ണുകൾ പർവ്വതത്തിങ്കലേക്ക് ഉയർത്തുന്നു. എനിക്ക് സഹായം എവിടെ നിന്നു വരും. എന്റെ സഹായം ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കിയ യഹോവയിങ്കൽ നിന്ന് വരുന്നു:

ഭക്തമാർഗ്ഗത്തിൽ തീർത്ഥാടകർ ചുറ്റുമുള്ള കുന്നുകളിലേക്ക് നോക്കി ഒരു സന്ദേഹം പ്രകടമാക്കുകയാണ്. 'എന്റെ സഹായം എവിടെ നിന്നു വരും' ഈ ചോദ്യത്തിലൂടെ വിശ്വാസ ജീവിതത്തിന്റെ ആദ്യപടി മുമ്പിൽ കാണുന്ന കുന്നുകളെ വൈതരണികളെ എങ്ങനെ അതിജീവിക്കും എന്നതല്ല പിന്നെയോ പർവ്വതങ്ങളെ ഉണ്ടാക്കിയവൻ നമ്മുടെ പ്രശ്നങ്ങളെ കൈകാര്യം ചെയ്യുവാൻ കഴിയുന്നവനാണ് എന്ന ബോധ്യമാണ്. യിരമ്യാവ് 32:17 യഹോവയായ കർത്താവേ, നിന്റെ മഹാശക്തിക്കൊണ്ടും നീട്ടിയ ഭുജം കൊണ്ടും നീ ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കി, നിനക്ക് അസാദ്ധ്യമായത് ഒന്നുമില്ല.

വി. അത്താനാസിയോസ്: പുറജാതികൾ കുന്നുകളെ ആരാധിച്ചപ്പോൾ, ഇസ്രായേല്യർ പർവ്വതങ്ങൾക്കപ്പുറത്ത് അവയെ സൃഷ്ടിച്ച സൃഷ്ടാവിങ്കലേക്ക് കണ്ണുകൾ ഉയർത്തി.

കർത്താവേ, നീയാണ് ഈ പർവ്വതത്തെ സൃഷ്ടിച്ചതെങ്കിൽ അവയെ നീക്കുവാനും നിനക്കു കഴിയുമല്ലോ എന്നത് തിരുവാഗ്ദാനമായി നമുക്കും സ്വീകരിക്കാം.

2. Promise of Source :

സങ്കീർത്തനം 121 : 2,3,4,5

വി. ജോൺ ക്രിസോസ്റ്റം : "ദൈവം മുമ്പോട്ടുള്ള വഴി ഇല്ലാതാക്കുന്നവനല്ല പിന്നയോ ദൈവീക വാഗ്ദാനങ്ങളുടെ വഴിയും വാതിലും തുറന്നു തരുന്നവനാണ്."

16-ാം സങ്കീർത്തനം 8-ാം വാകൃത്തിൽ ഇങ്ങനെ വായിക്കുന്നു. "യഹോവ നിന്റെ വലതു ഭാഗത്തുള്ളതു കൊണ്ട് നീ കുലുങ്ങിപ്പോകയില്ല". ഇന്ന് ദൈവീക സംരക്ഷണങ്ങൾക്കും ഉറവിടങ്ങൾക്കും അതീതമായി അപക്വമായ ശാസ്ത്രീയ സാങ്കേതിക വിദ്യയുടെ വിശകലനത്തിലൂടെ വിശ്വാസ ത്യാജ്യത്തിലേക്ക് യുവതലമുറ നയിക്കപ്പെടുന്നുണ്ടാകാം. എന്നാൽ വർത്തമാനകാലത്തിലെ ചില സ്വകാര്യ ഉയർച്ചകളും വളർച്ചകളും സ്വാർത്ഥമനോഭാവത്തിന്റെ അരങ്ങുകൾ തകർക്കപ്പെട്ട്, ദൈവീകാഭിമുഖ്യത്തിലൂടെ കൃപയുടെ നൂതന നീർച്ചാലുകൾ കണ്ടെത്തപ്പെടുവാനുള്ള മാർഗ്ഗദീപമായിത്തീരണം.

3. Promise of Stability

121-ാം സങ്കീർത്തനം 6, 7. പകൽ സൂര്യനെങ്കിലും രാത്രി ചന്ദ്രനെങ്കിലും നിന്നെ ബാധിക്കുകയില്ല. യഹോവ ഒരു ദോഷവും തട്ടാതെവണ്ണം നിന്നെ പരിപാലിക്കും

വി. അഗസ്തിനോസ്: "സൂര്യൻ, ദൃശ്യമായ പരീക്ഷണങ്ങളുടെയും പ്രലോഭനങ്ങളുടെയും പ്രതീകമായും, ചന്ദ്രൻ മറഞ്ഞിരിക്കുന്ന ഭയം, ദുസ്വപ്നം പൈശാചിക പോരാട്ടം ആയതിന്റെ പ്രതീകമായും നിൽക്കുന്നു".

ആയതിനാൽ 3 രീതിയിലുള്ള സ്ഥിരമായ കാവൽ ഏർപ്പെടുത്തി ദൈവം ജീവിതത്തെ യഥാസ്ഥാനപ്പെടുത്തുകയാണ്.

a) വാക്യം 3-4 നിങ്ങളുടെ കാലടികൾക്ക് സ്ഥിരത
b) വാക്യം 5-6 നിങ്ങളുടെ ഋതുക്കളുടെ കാവൽ
c) വാക്യം 7-8 നിങ്ങളുടെ ജീവിതത്തിന്റെയും മുഴുവൻ കാവൽ. അതുകൊണ്ട് കാലത്തിന്റെ കാവൽക്കാരനും കാലഘട്ടത്തിന്റെ കാര്യവിചാരകനുമായി ദൈവത്തെ നമുക്ക് സ്വീകരിച്ച് സ്ഥിരതയോടെ മുന്നേറാം.

4. Promise of security.

സുരക്ഷയുടെ വാഗ്ദാനം.

121-ാം സങ്കീർത്തനം 8-ാം വാക്യം

യഹോവ നിന്റെ ഗമനത്തെയും ആഗമനത്തെയും ഇന്നു മുതൽ എന്നേക്കും പരിപാലിക്കും.

വലിയ മാർ ബസ്സേലിയോസ്: "നിങ്ങൾ തുറന്നു ചെല്ലുന്ന എല്ലാ വാതിലുകളും ദൈവം വീക്ഷിക്കുകയാണ്. പുറത്തേക്ക് പോകുന്നത്, അകത്തേക്ക് വരുന്നത് എല്ലാം". ദൈവത്തിന്റെ ഈ സംരക്ഷണം ഒരു ദിവസത്തേക്കോ വർഷത്തേക്കോ, ജനനം മുതൽ മരണം വരെയോ എന്നല്ല അത് നിത്യത എന്നുവരെ നിർണയിക്കുവാൻ കഴിയുന്നതാണ്. ആയതിനാൽ "പുതിയ ജീവന്നായി നാം നോക്കിപ്പാർക്കുന്നു" എന്ന വിശ്വാസപ്രമാണത്തിന്റെ അവസാന വാചകം ഉറപ്പോടും പ്രത്യാശയോടും പ്രതീക്ഷയോടും കൂടി ഏറ്റുചൊല്ലാം. ❑



ക്രിസ്തു മൂലം സാത്താന്റെ പരാജയം

(പെന്തിക്കോസ്തിക്കുശേഷം ഏഴാം ഞായർ)

വി. മർക്കോസ് 3:20-30

ഗീവർഗീസ് മാർ പീലക്സിനോസ്

യേശുക്രിസ്തുവിന്റെ രക്ഷണ്യപ്രവർത്തനങ്ങളിൽ തന്നോടൊപ്പം കൂടിയ ജനക്കൂട്ടത്തിന് വിവിധ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും ആണ് ഉണ്ടായിരുന്നത്. സത്യസന്ധമായ ആത്മീയത, രോഗസൗഖ്യം, ഭക്ഷണം, യേശുവിനെ വിമർശിക്കുക തുടങ്ങിയവയെല്ലാം അവരുടെ ലക്ഷ്യങ്ങളായിരുന്നു. യേശുവിനെ ആദ്യമായി കാണുന്നവരും യെരുശലേമിൽ നിന്നു വന്ന ശാസ്ത്രിമാരും അവരുടെ ചാർച്ചക്കാരും വിമർശിക്കുന്നവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു.

യേശുവിന് ബുദ്ധിഭ്രമം ഉണ്ടെന്ന് പറഞ്ഞ് പരിഹസിക്കുവാനും അവനെ പിടിക്കുവാനും വന്നവരെ ഉപമകൾക്കൊണ്ട് പരാജയപ്പെടുത്തുന്ന ക്രിസ്തുവിനെയാണ് ഇന്നത്തെ വി. ഏവൻഗേലിയോൻ ഭാഗത്ത് നാം ദർശിക്കുന്നത് (വി. മർക്കോസ് 3:20-30).

ക്രിസ്തുവിനെ ഞെരുക്കുന്ന പുരുഷാരം

ക്രിസ്തുവിനെ പിൻപറ്റുന്ന ജനക്കൂട്ടം ദിവസംതോറും വർദ്ധിക്കുകയായിരുന്നു. (വാ. 20) 'അവർക്കു ഭക്ഷിപ്പാൻ പോലും വയ്യാത്തവണ്ണം പുരുഷാരം പിന്നെയും തിങ്ങിക്കൂടി വന്നു.' ജനക്കൂട്ടത്തിൽ പല സ്വഭാവക്കാർ ഉണ്ട്. ഇംഗ്ലീഷിൽ 'crowd' എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത് നിയതമായ ഒരു ലക്ഷ്യമില്ലാത്തവരും പലവിധ ഉദ്ദേശ്യങ്ങളോടുകൂടിയ ജനസഞ്ചയം എന്നതാണ്. അതുപോലെ പലവിധ ലക്ഷ്യങ്ങളുമായി യേശുവിന്റെ കൂടെ ജനം തിങ്ങിക്കൂടി. അത് യേശുവിനും ശിഷ്യന്മാർക്കും പലതരത്തിലുള്ള ബുദ്ധിമുട്ടുകൾക്കും പ്രയാസങ്ങൾക്കും ഇടയാക്കി. അതിൽ ഒന്നാണ്, ഭക്ഷണം കഴിക്കുവാൻ പോലും സാധിക്കാതെ വന്നു എന്നുള്ളത്.

'പുരുഷാരം തമ്മിൽ ചവിട്ടുവാൻ തക്കവണ്ണം ആയിരം ആയിരമായി തിങ്ങിക്കൂടി' (വി. ലൂക്കോസ് 12:1). അടുത്തുനിന്നും ദൂരെനിന്നും എല്ലാ പട്ടണങ്ങളിൽ നിന്നും കാൽനടയായും ഓടിയും ജനം കൂടിക്കൊണ്ടിരുന്നു. വരുന്നവരും പോകുന്നവരും വളരെയായിരുന്നു. 'ഗലീല, ദെക്കപ്പൊലി, യെരുശലേം, യെഹൂദ്യ, യോർദ്ദാനക്കരെ എന്നീ ഇടങ്ങളിൽ നിന്നു വളരെ പുരുഷാരം അവനെ പിന്തുടർന്നു' (വി. മത്തായി 4:25).

യേശു ഇരിക്കുന്ന വീടിന്റെ വാതിൽക്കൽപ്പോലും ഇടമില്ലാത്തവണ്ണം ജനം വന്നുകൂടി (വി. മർക്കോസ് 2:2), യേശുവിനെ തൊടേണ്ടതിനു തിക്കിതിരക്ക് അനുഭവപ്പെട്ടു (വി. മർക്കോസ് 3:10), യേശുവിന്റെ അമ്മയും സഹോദരങ്ങളും അവന്റെ അടുക്കൽ വന്നിട്ട്, പുരുഷാരം നിമിത്തം അവനോടു അടുപ്പാൻ കഴിഞ്ഞില്ല (വി. ലൂക്കോസ് 8:19).

ക്രിസ്തുവിനെ പരിഹസിക്കുന്ന ജനം

യേശുവിന്റെ ചാർച്ചക്കാരും യരുശലേമിൽ നിന്നു വന്ന ശാസ്ത്രിമാരും ഉൾപ്പെടെ അവനെ പരിഹാസപാത്രമാക്കുവാൻ പലതവണ ശ്രമിച്ചത് വി. വേദപുസ്തകത്തിൽ കാണുന്നു. ഇന്നത്തെ വി. വേദവായനയിൽ യേശുവിന്റെ ചാർച്ചക്കാർ പോലും പറയുന്നത് അവനു 'ബുദ്ധിഭ്രമം' ഉണ്ട് എന്നാണ് (വാ.21). ശാസ്ത്രിമാർ പറയുന്നത് യേശുവിന് 'ബേയെത്സെബൂൽ' ഉണ്ട് എന്നാണ് (വാ. 22).

ശാസ്ത്രിമാർക്കും പരീശന്മാർക്കും യേശുവിന്റെ അദ്ഭുതങ്ങളെയും അടയാളങ്ങളെയും നിരസിക്കുവാനോ അംഗീകരിക്കുവാനോ കഴിഞ്ഞില്ല. അവർ യേശുവിന്റെ ശക്തി ദൈവത്തിൽ നിന്നാണെന്ന് അംഗീകരിക്കുകയില്ല. അംഗീകരിച്ചാൽ യേശുവിനെ അവർക്കു സ്വീകരിക്കേണ്ടതായി വരും. അതുകൊണ്ടാണ് അവർ യേശുവിനുള്ളത് സാത്താന്യശക്തിയാണെന്നു പറഞ്ഞത്. ഭൂതങ്ങളുടെ തലവനെക്കൊണ്ട് അവൻ ഭൂതങ്ങളെ പുറത്താക്കുന്നു എന്ന വിമർശനം അഴിച്ചുവിട്ടത്.

യേശുവിനെ പരിഹസിക്കുവാൻ അവസരം കിട്ടുമ്പോഴെല്ലാം അവർ പരസ്യമായി പരിഹസിച്ചിരുന്നു. 1. ചുങ്കക്കാരോടും പാപികളോടും ഇടപെട്ടതിന്: 'പരീശന്മാർ അതു കണ്ടു, അവന്റെ ശിഷ്യന്മാരോട്, നിങ്ങളുടെ ഗുരു ചുങ്കക്കാരോടും പാപികളോടും കൂടെ ഭക്ഷിക്കുന്നത് എന്ത് എന്നു ചോദിച്ചു' (വി. മത്തായി 9:11). 2. തിന്നിയും കുടിയനും എന്നു പറഞ്ഞു: 'മനുഷ്യപുത്രൻ തിന്നും കുടിച്ചും കൊണ്ടുവന്നു, തിന്നിയും കുടിയനുമായ മനുഷ്യൻ' (വി. മത്തായി 11:19). 3. ദൈവദൂഷണം പറഞ്ഞു എന്ന്: 'ഇവൻ ദൈവദൂഷണം പറഞ്ഞു' (വി. മത്തായി 26:65). 4. ഭൂതം ഉണ്ടെന്നു പറഞ്ഞു: 'അതിന് പുരുഷാരം: നിനക്കു ഒരു ഭൂതം ഉണ്ട്' (വി. യോഹന്നാൻ 7:20). 5. ശബ്ബത്ത് ലംഘിച്ചു എന്ന ആരോപണം: 'പരീശന്മാരിൽ ചിലർ: ഈ മനുഷ്യൻ ശബ്ബത്ത് പ്രമാണിക്കായ്കകൊണ്ട് ദൈവത്തിന്റെ അടുക്കൽ നിന്ന് വന്നവനല്ല എന്നു പറഞ്ഞു' (വി. യോഹ. 9:16) 6. രാജ്യദ്രോഹിയാണെന്ന്: 'തന്നെത്താൻ രാജാവാക്കുന്നവൻ എല്ലാം കൈസരോടു മത്സരിക്കുന്നുവല്ലോ' (വി. യോഹ. 19:12). 7. ഭ്രാന്തൻ ആണെന്നു പറഞ്ഞു: 'അവരിൽ പലരും: അവനു ഭൂതം ഉണ്ട്, അവൻ ഭ്രാന്തനാകുന്നു' (വി. യോഹ. 10:20).

ക്രിസ്തു മൂലം സാത്താന്റെ പരാജയം

ദൈവപുത്രൻ മനുഷ്യാവതാരം ചെയ്തതിന് പല ലക്ഷ്യങ്ങളുണ്ടായിരുന്നു. അതിൽ ഒന്ന്, പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻ ആയിരുന്നു. 'പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻ തന്നെ ദൈവപുത്രൻ പ്രത്യക്ഷനായി' (1 യോഹ. 3:8). സാത്താനെ തോൽപ്പിക്കുക എന്നത് ക്രിസ്തുവിന്റെ ദൗത്യമാണ്. തനിക്കു ബേയത്സെബൂൽ ഉണ്ടെന്ന് പരിഹസിക്കുകയും ഭൂതങ്ങളുടെ തലവനെക്കൊണ്ട് ഭൂതങ്ങളെ പുറത്താക്കുന്നു എന്ന് പറയുകയും ചെയ്തവരെ യേശു തമ്പുരാൻ നേരിട്ടത് ഉപമകൾ കൊണ്ടാണ്.

സാത്താന് സാത്താനെ പുറത്താക്കുവാൻ കഴിയുകയില്ല (വാ.23), ഒരു രാജ്യം തന്നിൽത്തന്നെ ഛിദ്രിച്ചാൽ ആ രാജ്യത്തിന് നിലനിൽക്കുവാൻ കഴിയുകയില്ല (വാ. 24), ഒരു വീട് തന്നിൽത്തന്നെ ഛിദ്രിച്ചാൽ ആ വീടിന് നിലനിൽക്കുവാൻ കഴിയുകയില്ല (വാ. 25).

സാത്താനെ തോൽപ്പിക്കുവാൻ ക്രിസ്തുവിനാണ് സാധിക്കുന്നത്. അതുകൊണ്ട് താൻ ഭൂതങ്ങളെ പുറത്താക്കുന്നത് സാത്താന്യശക്തികൊണ്ടല്ല, ദൈവികശക്തിയും പരിശുദ്ധാത്മാവിനെയും കൊണ്ടാണ് എന്ന് കർത്താവ് വെളിപ്പെടുത്തുകയാണ്. തിന്മയെ ജയിക്കുവാൻ നന്മകൊണ്ടാണ് സാധിക്കുന്നത്. തിന്മയെ തിന്മ കൊണ്ട് ജയിപ്പാൻ കഴിയുകയില്ല. 'തിന്മയോടു തോൽക്കാതെ നന്മയാൽ തിന്മയെ ജയിക്കുക' (റോമർ 12:21).

ദൈവപുത്രൻ പിശാചിനെ തോൽപിക്കുന്ന ധാരാളം വി. വേദവാക്യങ്ങൾ നമുക്കു കാണാം. 'ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അവൻ നിന്റെ തല തകർക്കും (ഉൽപ്പത്തി 3:15). 'അങ്ങനെ പിശാച് സകല പരീക്ഷയും തികച്ചശേഷം കുറെ കാലത്തേക്ക് അവനെ വിട്ടുമാറി (വി. ലൂക്കോസ് 4:13). 'ഇപ്പോൾ ഈ ലോകത്തിന്റെ ന്യായവിധി ആകുന്നു. ഇപ്പോൾ ഈ ലോകത്തിന്റെ പ്രഭുവിനെ പുറത്തു തള്ളിക്കളയും (വി. യോഹ. 12:31). 'അപ്പോൾ അധർമ്മമൂർത്തി വെളിപ്പെട്ടുവരും; അവനെ കർത്താവായ യേശു തന്റെ വായിലെ ശ്വാസത്താൽ ഒടുക്കി തന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നശിപ്പിക്കും' (2 തെസ്സ. 2:8). 'മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു (എബ്രാ. 2:14). 'അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകതീപ്പൊയ്കയിലേക്ക് തള്ളിയിടും. അവർ എന്നെന്നേക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടി വരും' (വെളി. 20:10). ❑

ഒരു ദൈവപുരുഷന്റെ ജീവിതഗാഥ

ഡോ. ഗീവർഗീസ് മാർ യൂലിയോസ്

‘അച്ചനായാൽ അച്ചനാകണം’ എന്ന തന്റെ പിതാവിന്റെ വാക്കുകൾ ജീവിതത്തിൽ സഫലീകരിച്ചതാണ് പരിശുദ്ധ ബസേലിയോസ് മാർത്തോമ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവായുടെ ശ്രേഷ്ഠത.

തൃശ്ശൂർ ജില്ലയിലെ മങ്ങാട് എന്ന കൊച്ചു ഗ്രാമം. അവിടെ മങ്ങാട് മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളിക്ക് ഒരു വിളിപ്പാട് അകലെയാണ് കൊള്ളന്നൂർ ഭവനം.ഒരു സാധാരണ കർഷക കുടുംബം.ആ കുടുംബത്തിലെ ഐപ്പിന്റെയും പുലിക്കോട്ടിൽ കുടുംബത്തിലെ കുഞ്ഞീറ്റിയുടെയും മൂന്നാമത്തെ മകനായി പാവുട്ടി എന്ന് വിളിക്കുന്ന പോൾ ജനിക്കുന്നു. ഈ ദമ്പതികളുടെ രണ്ടാമത്തെ കുഞ്ഞ് വളരെ ചെറുപ്പത്തിലെ മരിച്ചു പോയിരുന്നു. അതിനുശേഷം 1946 ആഗസ്റ്റ് 30-ാം തീയതി മലങ്കര സഭയുടെ മഹാ ഇടയൻ ആയിത്തീർന്ന പോൾ എന്ന പൗലോസ് മാർ മിലിത്തിയോസ് തിരുമേനി ജനിക്കുന്നു. പഴഞ്ഞി സെന്റ് മേരിസ് ദേവാലയത്തിൽ വച്ച് വന്ദ്യ ജേക്കബ് കൊല്ലന്നൂർ അച്ഛനാണ് തിരുമേനിക്ക് വിശുദ്ധ മാമോദിസ നൽകിയത്. തന്റെ മൂന്നാമത്തെ മകനായ ഈ കുഞ്ഞിന്റെ ശിരസ്സിൽ മലങ്കരസഭയുടെ കാതോലിക്കാ കിരീടം ഇരിക്കുമെന്ന് ഈ മാതാപിതാക്കൾ ഒരിക്കലും സ്വപ്നം കണ്ടിട്ടുണ്ടാവില്ല.

സ്കൂൾ വിദ്യാഭ്യാസം പഴഞ്ഞി ഗവൺമെന്റ് ഹൈസ്കൂളിൽ നിന്ന് പൂർത്തിയാക്കിയതിനുശേഷം തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ നിന്ന് ബി.എ.സ്സി. ബിരുദവും, കോട്ടയം സി.എം.എസ്. കോളജിൽ നിന്ന് സോഷ്യോളജിയിൽ പോസ്റ്റ് ഗ്രാജ്വേറ്റ് ബിരുദവും എടുത്തു.

പുരോഹിതവൃത്തിയിലേക്കുള്ള ആദ്യ ചവിട്ടുപടി അഞ്ചാം ക്ലാസിൽ പഠിക്കുമ്പോഴാണ്. ഫാ. ഗീവർഗീസ് OIC ആണ് മദ്ബഹയിലേക്ക് കൈ പിടിച്ചു കയറ്റിയത്. കൂടാതെ ജോസഫ് കുറ്റിക്കാട്ടിൽ കോർ എപ്പിസ്കോപ്പയുടെ ശിക്ഷണത്തിൽ സുറിയാനി ഭാഷയും പഠിച്ചു.

പുരോഹിതവൃത്തിയിലേക്ക് പോളിനെ കൈപിടിച്ചു നടത്തിയവരിൽ എടുത്തുപറയേണ്ട വ്യക്തിയാണ് അമ്മയുടെ മൂത്ത സഹോദരനായ ഇയ്യുകുട്ടി അച്ചാച്ചൻ. അദ്ദേഹം ദൈവവിളിക്ക് അനുസരണമായി പോളിനെ ഒരുക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു. ജീവിതം മുഴുവൻ കാഷായ വസ്ത്രവും, ബ്രഹ്മചര്യവും, മാംസാഹാരാദികളോടുള്ള വൈമുഖ്യവുമായി ജീവിതം ജീവിച്ചു തീർത്ത സന്യാസിയാണ് അദ്ദേഹം. ചെറുപ്പത്തിൽ എല്ലാ വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ കോൺഫ്രൻസുകളിൽ അദ്ദേഹം പോളിനെ കൊണ്ടുപോകുമായിരുന്നു. അങ്ങനെ തനിക്ക് സാധിക്കാതെ പോയ ആഗ്രഹം തന്റെ സഹോദരിയുടെ മകനിൽ കൂടി സഫലികരിക്കവാൻ ആ മനുഷ്യൻ അഹോരാത്രം പരിശ്രമിച്ചിരുന്നു. വൈദിക വൃത്തിയിലേക്ക് പോകുന്നതിനുള്ള ആഗ്രഹം പോൾ പ്രകടിപ്പിച്ചപ്പോൾ അപ്പന്റെ മറുപടി ഇപ്രകാരമായിരുന്നു ‘അച്ഛൻ ആയാൽ അച്ഛൻ ആകണം, പേരിനുമാത്രം നീ അച്ഛനാകാൻ പോകണ്ട മാത്രമല്ല അതൊന്നും എടുത്തുവയ്ക്കുക നിന്റെ കയ്യിൽ പാത്രം ഇല്ല. പാത്രത്തിൽ കൊള്ളാവുന്നത് എടുത്താൽ മതി’ എന്നായിരുന്നു. ഇത് ചെറുതായെങ്കിലും പോളിനെ നിരാശപ്പെടുത്തിക്കാണും. സെമിനാരി പഠനത്തിന് മകനെ അയയ്ക്കാൻ ദൈവവിശ്വാസത്തിൽ ഉള്ള തീഷ്ണത അദ്ദേഹത്തെ ഭയപ്പെടുത്തിയിരുന്നു എന്ന് വേണം കരുതാൻ.

ഏതൊരു മാതാപിതാക്കളും തന്റെ പുത്രൻ വിവാഹിതനായി കാണണമെന്ന് ആഗ്രഹിക്കുന്നതുപോലെ ഈ മാതാപിതാക്കളും ആഗ്രഹിച്ചിരുന്നു പക്ഷേ, പോൾ അതിനൊന്നും വഴങ്ങാതെ ദൈവിക പൂർണ്ണതയുടെ ഇടുങ്ങിയ വഴിയേ യാത്ര ചെയ്യുവാൻ മനസ്സിനെ ഒരുക്കുകയായിരുന്നു.

കോട്ടയം വൈദികസെമിനാരിയിൽ നിന്ന് ജി.എസ്.റ്റിയും സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.ഡി. ബിരുദവും സമ്പാദിച്ചു. തുടർന്ന് 1972 ഏപ്രിൽ രണ്ടിന് പരുമല സെമിനാരിയിൽ വെച്ച് യൗപ്പദ്ദ്യക്കിനോ പട്ടവും, 1973 മെയ് 31-ന് കൊരട്ടി സെമിനാരി ചാപ്പലിൽ വച്ച് പൂർണ്ണ ശെമ്മാശപട്ടവും, 1973 ജൂൺ രണ്ടിന് കൊരട്ടി സെമിനാരി ചാപ്പലിൽ വച്ച് കശീശ്ശാപട്ടവും യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തയിൽ നിന്നും സ്വീകരിച്ചു.

മൂലേപ്പാട്, എറണാകുളം സെന്റ് മേരീസ് എന്നീ ദേവാലയങ്ങൾ സഹവികാരിയായി സേവനം അനുഷ്ഠിച്ചു. മാർ ഗ്രിഗോറിയോസ് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ സ്വാധീനത്തിൽ വളർന്ന ഇദ്ദേഹം കോട്ടയം, തിരുവനന്തപുരം, സ്റ്റുഡന്റ്

സെന്ററുകളിൽ വാർഡൻ ആയി പ്രവർത്തിച്ചു.തിരുവനന്തപുരത്തെ സ്റ്റുഡൻസ് സെന്ററിൽ വാർഡൻ ആയിരിക്കുമ്പോൾ കഴക്കൂട്ടം സൈനിക സ്കൂളിലും, പൂജപ്പുര സെൻട്രൽ ജയിലിലും വിശുദ്ധ കുർബാന അർപ്പിച്ചിരുന്നു.

1982 ഡിസംബർ 28-ന് തിരുവല്ലയിൽ ചേർന്ന മലങ്കര അസോസിയേഷൻ മേല്പട്ട സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. തെരഞ്ഞെടുക്കുമ്പോൾ പോളച്ചന് വയസ് 36. അസോസിയേഷനിൽ ഒരാൾ ചോദിച്ചു: ‘മെത്രാച്ചനാവാൻ 40 വയസ് വേണമെന്നല്ലേ?’ പരിശുദ്ധ മാത്യൂസ് പ്രഥമൻ ബാവായുടെ ഉത്തരം പറഞ്ഞു ‘4 വർഷം കഴിയുമ്പോൾ 40 വയസ് ആയിക്കോളും.’ പിന്നീട് ആരും ഒന്നും പറഞ്ഞില്ല. 1983 മെയ് 14-ന് പരുമല സെമിനാരിയിൽ വെച്ച് മാത്യൂസ് മാർ കൂറിലോസ് നിന്ന് (പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ) റമ്പാൻ സ്ഥാനവും, 1985 മെയ് 15-ന് മാവേലിക്കര പുതിയകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയത്തിൽ വച്ച് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായിൽ നിന്ന് 38 വയസ്സിൽ കെ. ഐ. പോൾ റമ്പാച്ചൻ ‘പൗലോസ് മാർ മിലിത്തിയോസ്’ എന്നാ പേരിൽ എപ്പിസ്കോപ്പ ംസ്ഥാനവും സ്വീകരിച്ചു. മാത്യൂസ് മാർ എപ്പിഫാനിയോസ്, ഫിലിപ്പോസ് മാർ യൗസേബിയോസ്, തോമസ് മാർ അത്താനാസിയോസ്, ഗീവർഗീസ് മാർ ഈവാനിയോസ് എന്നീ പിതാക്കന്മാരാണ് ഇദ്ദേഹത്തോടോപ്പം മേല്പട്ടസ്ഥാനത്തേക്ക് ഉയർത്തപ്പെട്ടത്. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായാണ് മേല്പട്ട സ്ഥാനാരോഹണ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകിയത്.

തുടർന്ന് 1985 ആഗസ്റ്റ് 1 മുതൽ പുതിയതായി രൂപീകരിക്കപ്പെട്ട കുന്നംകുളം ഭദ്രാസനത്തിന്റെ അമരക്കാരനായി ചുമതലയേറ്റു. കുന്നംകുളം ഭദ്രാസനത്തിന്റെ ആദ്യ മെത്രാപ്പോലീത്തായായി നിയമിതനായ തിരുമേനി ഏറെ താമസിയാതെ ആർത്താറ്റ്, ഭദ്രാസന ആസ്ഥാനവും ചാപ്പലും നിർമ്മിച്ചു. കടന്നു

വന്ന വഴികളിൽ നേരിട്ട ധാരാളം കഷ്ടപ്പാടുകൾ അഗ്നിയിൽ ഉരുക്കപ്പെട്ട പൊന്നുപോലെ ശോഭിക്കുവാൻ പരിശുദ്ധ പിതാവിനെ സഹായിച്ചു. സഭക്ക് വേണ്ടിയും അതിന്റെ സ്വാതന്ത്ര്യത്തിനും സ്വയംശീർഷകതയ്ക്കും വേണ്ടി ത്യാഗങ്ങൾ സഹിക്കാനും, പോരാടുവാനുമുള്ള ധൈര്യവും സഹനവും ദൈവ കൃപയായി ലഭിച്ചുകൊണ്ടേയിരുന്നു. പ്രഥമദൃഷ്ട്യാ തെറ്റെന്നു തോന്നിപ്പിച്ച അദ്ദേഹത്തിന്റെ പല തീരുമാനങ്ങളും, നിലപാടുകളും തീർത്തും ശരിയാണെന്നു കാലം തെളിയിച്ചു. നിർമലമായ സ്നേഹത്തോടും സന്തോഷത്തോടും കൂടി എല്ലാവരെയും കരുതുവാനുള്ള വലിയ മനസ്സും, തെറ്റിനോട് കർക്കശമായി പെരുമാറാനുള്ള ആർജവത്വവും ഇതിനോടകം അദ്ദേഹം തെളിയിച്ചിട്ടുണ്ട്. കുന്നംകുളം ഭദ്രാസനത്തിനു ഉണ്ടായിട്ടുള്ള വളർച്ച അദ്ദേഹത്തിന്റെ ഭരണ നൈപുണ്യത്തിനു ഉദാഹരണം ആണ്. വൈദിക ക്ഷേമനിധിയുടെ സെക്രട്ടറി, കൊച്ചി ഭദ്രാസന മർത്തമറിയം സമാജം പ്രസിഡന്റ്, പഴഞ്ഞി എം.ഡി. കോളജ് ലോക്കൽ മാനേജർ, എന്നീ നിലകളിൽ പ്രവർത്തിച്ച തിരുമേനി സ്ഥാനമേറ്റ ആദ്യകാലങ്ങളിൽ കൊച്ചി ഭദ്രാസനത്തിൽ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റ് ആയിട്ട് പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥി പ്രസ്ഥാനം വൈസ് പ്രസിഡന്റ്, സൺഡേസ്കൂൾ പ്രസ്ഥാനം പ്രസിഡന്റ്, യുവജനപ്രസ്ഥാനം പ്രസിഡന്റ് എന്നീ നിലകളിൽ നിസ്തുലമായ പ്രവർത്തനം കാഴ്ചവയ്ക്കുകയുണ്ടായി. പരിശുദ്ധ പിതാവിന്റെ ആത്മീയ വഴിയും ദർശനവും കണ്ട് ഒരുപാട് വൈദികർ കുന്നംകുളം ഭദ്രാസനത്തിനും, മലങ്കരസഭയ്ക്കും വേണ്ടിയും വിളിച്ചടിപ്പിക്കപ്പെട്ടു. ആ വൈദിക ഗണത്തിൽ നിന്നും എളിയവനായ ഞാൻ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു. ഞാൻ പരിശുദ്ധ പിതാവിന്റെ ശിഷ്യനും, അതിലുപരി ബന്ധുവും കൂടിയാണ്. കുന്നംകുളം ഭദ്രാസനത്തിൽ പരിശുദ്ധ പിതാവിന്റെ സഹായ മെത്രാപ്പോലീത്തായായി ചുമതലകൾ നിർവ്വഹിക്കാനായത് വലിയ അനുഭവമായിരുന്നു.

2006-ൽ പരുമലയിൽ വച്ച് പരിശുദ്ധ ദിദിമോസ് പ്രഥമൻ ബാവായുടെ അധ്യക്ഷതയിൽ കൂടിയ മലങ്കര അസോസിയേഷൻ പൗരസ്ത്യ കാതോലിക്കായുടെയും, മലങ്കര മെത്രാപ്പോലീത്തയുടെയും പിൻഗാമിയായി അഭി.പൗലോസ് മാർ മിലിത്തിയോസ് തിരുമേനിയെ തിരഞ്ഞെടുത്തു. 2010 നവംബർ ഒന്നിന് പരിശുദ്ധ ദിദിമോസ് പ്രഥമൻ ബാവാ സ്ഥാനത്യാഗം ചെയ്തതിനെ തുടർന്ന് തന്റെ പിൻഗാമിയായി പൗലോസ് മാർ മിലിത്തിയോസ് തിരുമേനിയെ പരിശുദ്ധ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ എന്ന നാമത്തിൽ മലങ്കര സഭാധ്യക്ഷനായി സ്ഥാനാരോഹണം ചെയ്യപ്പെട്ടു. 2009-ലെയും 2010-ലെയും മേൽപട്ട സ്ഥാനാരോഹണത്തിന് പരിശുദ്ധ ദിദിമോസ് പ്രഥമൻ ബാവായോടു കൂടെ ശേഷം നിയുക്ത കാതോലിക്കാ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട പൗലോസ് മാർ മിലിത്തിയോസ് തിരുമേനിയാണ് സഹകാർമികത്വം വഹിച്ചത്.

സഭയിൽ ശാശ്വതവും സുസ്ഥിരവുമായ സമാധാനത്തിനു വേണ്ടിയും വ്യവഹാര-കലഹ രഹിതമായ ഒരു മലങ്കരസഭ നിലനിൽക്കുന്നതിനു വേണ്ടി ആഗ്രഹിക്കുകയും, പ്രാർഥിക്കുകയും, പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു പിതാവാണ് പരിശുദ്ധ ബാവാ തിരുമേനി. 2017 ജൂലൈ മൂന്നിലെ വിധിക്കുശേഷം സഭ ഒന്നായി കാണുന്നതിന് വേണ്ടി, മലങ്കരസഭയുടെ വാതിൽ എല്ലാവർക്കും വേണ്ടി തുറന്നിട്ടുകൊണ്ടു (നിയമത്തിനും ഭരണഘടനക്കും വിധേയമായി) സമാധാന കല്പന പുറപ്പെടുവിക്കുകയും, അന്ത്യോഖ്യയുടെ പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവായെ ചർച്ചക്കായി ക്ഷണിക്കുകയും, അദ്ദേഹത്തിന്റെ മലങ്കര സന്ദർശനത്തെ സ്വാഗതം ചെയ്യുകയും ചെയ്തിട്ടും എതിർഭാഗത്തുനിന്നും അനുകൂലമായ ഒരു പ്രതികരണം ഉണ്ടാകാഞ്ഞത് നിർഭാഗ്യകരമായിപ്പോയി. എങ്കിലും ശാശ്വത സമാധാനത്തിനു വേണ്ടിയുള്ള പരിശുദ്ധ പിതാവിന്റെ പ്രവർത്തനം തുടർന്നു.

ആഗോള ക്രൈസ്തവ സഭാതലത്തിൽ അറിയപ്പെടുന്ന ഒരു സഭാ പിതാവാണ് അദ്ദേഹം. 2012 നവംബർ 18-ന് കെയ്റോയിൽ നടന്ന കോപ്റ്റിക് ഓർ

ത്തഡോക്സ് സഭയുടെ തലവൻ പരിശുദ്ധ തെവോദ്രോസ് രണ്ടാമന്റെ സ്ഥാനാരോഹണ ശ്രുശ്രൂഷയിൽ പ്രത്യേക ക്ഷണിതാവായും, 2013 ഫെബ്രുവരി 28-ന് എത്യോപ്യൻ ഓർത്തഡോക്സ് സഭയുടെ തലവൻ പരിശുദ്ധ ആബൂനാ മത്യാസ് പാത്രിയാർക്കീസിന്റെ സ്ഥാനാരോഹണത്തിൽ മുഖ്യാതിഥിയായും പങ്കെടുത്തു. 2013 സെപ്റ്റംബർ 5-ന് വത്തിക്കാനിൽ പ്രത്യേക ക്ഷണിതാവായി എത്തി പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുമായി കൂടിക്കാഴ്ച്ച നടത്തി. 2013 സെപ്റ്റംബർ 9-ന് ആംഗ്ലിക്കൻ സഭാ ആസ്ഥാനമായ ലാംബെത്ത്പാലസിൽ നടന്ന എക്യുമിനിക്കൽ സമ്മേളനത്തിലും ഒക്ടോബർ 3-ന് വിയന്നയിൽ പ്രൊ ഓറിയന്റെ എക്യുമിനിക്കൽസമ്മേളനത്തിലും മുഖ്യാതിഥി ആയി പങ്കെടുത്തു.

പരിശുദ്ധ പിതാവിന്റെ മുഖ്യ നേതൃത്വത്തിൽ 2012 എറണാകുളം മറൈൻ ഡ്രൈവിൽ വെച്ച് കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ ശതാബ്ദിയാഘോഷങ്ങൾ നടത്തുകയും അതിൽ മുഖ്യഅതിഥിയായി ഇന്ത്യയുടെ പതിനൊന്നാമത്തെ പ്രസിഡന്റ് ആയിരുന്ന ഡോ. അബ്ദുൽ കലാമും മറ്റ് വിവിധ രാഷ്ട്രീയ സാമൂഹിക മത നേതാക്കളും പങ്കെടുക്കുകയുണ്ടായി. കൂടാതെ 2016 നവംബർ മാസം കുന്നംകുളത്ത് വെച്ച് മലങ്കര മെത്രാപ്പോലീത്ത പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് ഒന്നാമന്റ് മെത്രാപ്പോലീത്തായുടെ ചരമ ദ്വിശതാബ്ദി സമ്മേളനം നടത്തുകയുണ്ടായി ഇതിൽ എത്യോപ്യൻ ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷൻ പരിശുദ്ധ മത്തിയാസ് പ്രഥമൻ പാത്രിയർക്കീസ് പങ്കെടുക്കുകയുണ്ടായി.

പരിശുദ്ധ പിതാവിന്റെ സ്വപ്നപദ്ധതിയായ സെന്റ് ഗ്രിഗോറിയോസ് ഇന്റർ നാഷണൽ ക്യാൻസർ കെയർ സെന്റർ പരുമല ഇന്ന് ആതുരസേവനരംഗത്ത് ഒരു മുതൽക്കൂട്ടായി പ്രവർത്തിക്കുന്നു. കൂടാതെ സ്നേഹസ്പർശം പദ്ധതിയിലൂടെ അനേക പാവപ്പെട്ട രോഗികൾക്ക് ഈ സ്ഥാപനത്തിലൂടെ ഉന്നതമായ ചികിത്സ നൽകുവാനും സാധിക്കുന്നു എന്നത് ഈ പിതാവിന്റെ സാമൂഹിക പ്രതിബദ്ധതയുടെ മകുടോദാഹരണമാണ്. കൂടാതെ 2018 മാർച്ച് മാസം 23-ാം തീയതി ദേവലോകം അരമന ചാപ്പലിൽ വച്ച് പരിശുദ്ധ പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ വിശുദ്ധ മൂറോൻ കൂദാശയും നടത്തുവാൻ സാധിച്ചു.

കഴിഞ്ഞ ഒന്നര വർഷമായി രോഗാതുരനായി കഴിയുമ്പോഴും “എന്റെ രോഗമല്ലേ... അത് കുഴപ്പമില്ല. എന്റെ ജീവനേക്കാളും എന്റെ ആരോഗ്യത്തെക്കാളും വലുതായി ഞാൻ കാണുന്നത് പരിശുദ്ധ സഭയെയാണ്. സഭയ്ക്കു രോഗമുണ്ടാകാതെ, സഭ അരോഗദൃഢഗാത്രയായിട്ട് നിലനില്ക്കണം. സഭയ്ക്കൊരു ഊനുവടിയില്ലാതെ മാർത്തോമ്മാ ശ്ലീഹായുടെ ഉറച്ച സിംഹാസനത്തിൽ എന്റെ പിൻഗാമികൾ ഇരുന്ന് ഈ സഭയെ നയിക്കുവാനുള്ള ശക്തി ലഭിക്കണം. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനം സ്വതന്ത്രമാണ്. ഇനി മറ്റാരെങ്കിലും എന്തെങ്കിലും പേരു പറഞ്ഞ് ഈ സഭയെ കടന്നാക്രമിക്കുവാൻ ദൈവം ഇടയാക്കില്ല.” തുടങ്ങിയ സഭയെക്കുറിച്ചുള്ള വലിയ ദർശനങ്ങൾ പ. പിതാവിന് ഉണ്ടായിരുന്നു.

അച്ചൻ ആയാൽ അച്ചൻ ആകണമെന്ന് പിതാവിന്റെ വാക്കുകൾ സ്വയം വരിച്ച പരിശുദ്ധ സഭയാകുന്ന നൗകയെ നയിച്ച പ. പിതാവിന് ഭൗതിക സമ്പത്തിനേക്കാൾ ഉപരി മാതാപിതാക്കൾ കൈമാറി കൊടുത്തത് ദൈവവിശ്വാസം എന്ന പൈതൃക സ്വത്താണ്. ദൈവവിശ്വാസം മുറുകെ പിടിച്ച് സർവ്വവും ദൈവത്തിനു സമർപ്പിച്ച പരിശുദ്ധ പിതാവിന് ഹൃദയപൂർവമായ യാത്രാമംഗളമേകുന്നു. പറുദീസായിൽ വീണ്ടും കണ്ടുമുട്ടാനിടയാവട്ടെ.

❑

വിശുദ്ധിയുടെ വിസ്മയ ജീവിതം

ഫാ. തോമസ് പി. സഖറിയ

(പ. പൗലോസ് രണ്ടാമൻ കാതോലിക്കാ ബാവായുടെ പ്രിൻസിപ്പൽ സെക്രട്ടറി)

എഴുപത്തിനാലുവയസ്സിൽ പൂർത്തിയായ ഇഹലോകജീവിതം വിസ്മയിപ്പിക്കുന്ന ഒരായുഷ്കാലത്തിന്റെ രേഖാചിത്രം നമുക്ക് മുമ്പിൽ കോറിയിട്ടാണ് പരിശുദ്ധ പൗലോസ് ദ്വിതീയൻ ബാവാ തിരുമേനി ദൈവസന്നിധിയിലേക്ക് കടന്നുപോയത്. അനിതരസാധാരണങ്ങളായ വ്യക്തിത്വ ഗുണങ്ങളുടെ ഉടമയായിരുന്നു പ. ബാവാ തിരുമേനി എന്ന് തിരുമേനിയോട് ഒരു പ്രാവശ്യമെങ്കിലും ഇടപെട്ടിട്ടുള്ളവർ ഒരേ സ്വരത്തിൽ സമ്മതിക്കും.

ദൈവഭക്തി, മൂല്യബോധം, ആർദ്രകരുണ, സ്നേഹം, ലാളിത്യം, വിനയം, സ്വന്ത പദവിയെക്കുറിച്ചും അതിന്റെ ഔന്നത്യത്തെക്കുറിച്ചുമുള്ള ഉറച്ച ബോദ്ധ്യം, നിലപാടുകൾ കൈക്കൊള്ളുന്നതിനുള്ള നിശ്ചയദാർഢ്യവും, ഭാവിയെക്കുറിച്ചുള്ള വ്യക്തമായ നിർവചനവും എന്നിങ്ങനെ ആ വ്യക്തിത്വത്തിന്റെ വിശിഷ്ട ഗുണങ്ങൾ അനവധിയായിരുന്നു. പരിശുദ്ധ ബാവാ തിരുമേനി പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി ചുമതലയേറ്റ് ഒരു മാസത്തിനുശേഷം, അതായത് 2010 ഡിസംബർ ഒന്നു മുതലാണ് അദ്ദേഹത്തിന്റെ പ്രിൻസിപ്പൽ സെക്രട്ടറി എന്ന പദവിയിൽ പ. പിതാവിന്റെ ശുശ്രൂഷയിലേക്ക് എന്നെ നിയോഗിച്ചത്. അന്നുമുതൽ ഇന്നുവരെയും ഏറെ അടുത്തുനിന്ന് ധന്യമായ ആ ജീവിതത്തെ വീക്ഷിക്കുവാൻ ലഭിച്ച അവസരം ഒരു അസുലഭ ഭാഗ്യമായി തിരിച്ചറിയുന്നു.

'മെലിത്തോസ്' എന്ന വാക്കിന്റെ അർത്ഥം 'പടയാളി' എന്നാണ്. പൗലോസ് അപ്പോസ്തോലന്റെ നാമധേയമാണ് മാമോദീസായിലൂടെ ലഭിച്ചത്. കുന്നംകുളം കൊള്ളന്നൂർ വീട്ടിൽ കെ. ഐ. പോൾ എന്ന ഫാ. കെ. ഐ. പോളും, പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായും പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവാ തിരുമേനിയും – കടമകൾ ഓരോന്നും നിറവേറ്റുന്നതിൽ ഒരു പടയാളിയുടെ തീക്ഷ്ണതയും സുവിശേഷദൗത്യം ഹൃദയത്തിലും ആത്മാവിലും വഹിച്ച എരിവുള്ളൊരു ക്രിസ്തീയ ഭടന്റെ വിശ്വാസ ജീവിതവും കൈമുതലാക്കിയിരുന്ന പരിശുദ്ധ പിതാവ് തന്നിൽ ഭരമേൽപിക്കപ്പെട്ട വിശ്വാസത്തിനുവേണ്ടിയും, കടമകൾക്കുവേണ്ടിയും കുറവു കൂടാതെ പോരാടി.

ഫാ. കെ. ഐ. പോൾ സ്വന്ത ഉത്തരവാദിത്തങ്ങൾ നന്നായി നിറവേറ്റുന്നത് തിരിച്ചറിഞ്ഞ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായാണ് മഹാപൗരോഹിത്യത്തിലേക്ക് പ. പിതാവിനെ വിളിച്ചുയർത്തിയത്. കുന്നംകുളം മെത്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ ആ ഭദ്രാസനത്തിന്റെ കെട്ടുറപ്പിനുവേണ്ടിയും, സഭാഭരണഘടന പാലിച്ചുകൊണ്ടുള്ള ആ മെത്രാസനത്തിന്റെ നിലനിൽപിനുവേണ്ടിയും അശ്രാന്ത പരിശ്രമം ചെയ്തു. ആ നാളുകളിലെ അധ്വാനത്തെക്കുറിച്ച് ഏറെ കൃതാർത്ഥതയോടെ വിവരിക്കുമായിരുന്നു. മലങ്കര നസ്രാണികളുടെ പൗരാണിക കേന്ദ്രങ്ങളിലൊന്നായ കുന്നംകുളത്തിന്റെ പാരമ്പര്യത്തെക്കുറിച്ചും തങ്ങളുടെ പിതാക്കന്മാരുടെ വിശ്വാസത്തെക്കുറിച്ചും സഭാനേതൃത്വത്തോടുള്ള വിധേയത്വത്തെക്കുറിച്ചും ഏറ്റവും അഭിമാനത്തോടെ പറഞ്ഞുതരുമായിരുന്നു. പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ തിരുമേനിയുടെ കുന്നംകുളം സന്ദർശനം, കോടതി വിധി എതിരായ ഘട്ടത്തിൽ പ. വട്ടശ്ശേരിൽ തിരുമേനിയുടെ നിലപാടുകൾ സംരക്ഷിക്കുന്നതിന് സ്ത്രീകളുൾപ്പെടെ കുന്നംകുളത്തുകാർ സംഘടിച്ചത് – ഇവയെല്ലാം പ. ബാവാ തിരുമേനിയുടെ സ്മരണയിലെ രജതരേഖകളായിരുന്നു.

കുന്നംകുളത്തിന് ഒരു അരമന ഒരുങ്ങിയതിനെക്കുറിച്ചും പറഞ്ഞു കേട്ടിട്ടുണ്ട്. ഒട്ടും സുരക്ഷിതമല്ലാത്ത ഒരു ചെറിയ വാസസ്ഥലത്തെ താമസക്കാലത്ത് കൈയിലൊന്നുമില്ല, എങ്കിലും ദൈവം കരുതിക്കൊള്ളും എന്ന ദൃഢവിശ്വാസത്തിൽ ഏഴേക്കറോളം വരുന്ന പുരയിടത്തിന് അഡ്വാൻസ് നൽകി. കൊച്ചുമെത്രാച്ചന്റെ സാഹസം ഒരൽപം അതിരുകടന്നില്ലേ എന്ന് അറിയാവുന്നവർപോലും സന്ദേഹിച്ചു. ദൈവം അയച്ചൊരാൾ വന്നു എന്ന നിലയിൽ അന്നാട്ടുകാരനായൊരാൾ വന്നു പണം മുഴുവൻ ഞാൻ തന്നുകൊള്ളാം എന്നു പറഞ്ഞു. വിശ്വാസമാകാഞ്ഞപ്പോൾ കൈയിലെ തുണിസഞ്ചിയിൽ കരുതിയിരുന്ന നോട്ടുകെട്ടുകൾ മേശപ്പുറത്തേയ്ക്ക് ചൊരിഞ്ഞു. സൂക്ഷിച്ചുവയ്ക്കുവാൻ ഉറപ്പുള്ളൊരു മുറിയില്ലാത്തതുകൊണ്ട് പണം തിരികെ കൊണ്ടുപൊയ്ക്കൊള്ളു എന്ന് പറഞ്ഞ് തിരികെ കൊടുത്തു. പറമ്പു മുഴുവൻ അദ്ദേഹത്തിന്റെ പേരിൽ ആധാരം നടത്തി. പണം കൊടുത്തുതീർത്ത മുറയ്ക്ക് പല ഘട്ടമായി ഭദ്രാസനത്തിന്റെ പേരിൽ എഴുതി വാങ്ങി. കടന്നുവന്ന വഴികളെക്കുറിച്ചും, അനുഭവിച്ച ക്ലേശങ്ങളെക്കുറിച്ചും പറഞ്ഞു തീർത്തിരുന്നത് ഇപ്പോൾ ഗദ്ഗദത്തോടെയല്ലാതെ ഓർക്കാനാവുന്നില്ല.

മുൻപറഞ്ഞ പടയാളി പ്രതിബന്ധങ്ങളെയെല്ലാം തരണം ചെയ്തത് എങ്ങ

നെയാണെന്നും പറഞ്ഞുതന്നു. എനിക്ക് മുമ്പിൽ വേറെ വഴിയൊന്നുമുണ്ടായിരുന്നില്ല. ഞാൻ ദൈവത്തോടു പ്രാർത്ഥിച്ചു. എന്റെ ഭദ്രാസനത്തിലെ ദൈവാലയങ്ങൾ ആരുടെയെല്ലാം നാമത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നുവോ, അവരുടെയൊക്കെ പ്രാർത്ഥനാ സഹായം അപേക്ഷിച്ചു. ഒന്നും പരസ്യമായിട്ടായിരുന്നില്ല. ദൈവം പ്രാർത്ഥന കേട്ടു. ഉത്തരം നൽകുകയും ചെയ്തു എന്ന് അതിന് ഒരനുബന്ധവും ചേർത്തതോർക്കുന്നു. ഇന്ന്, ദൈവം എന്നെ സഭയുടെ അദ്ധ്യക്ഷനാക്കിയപ്പോഴും ഞാനാ പതിവ് തുടരുന്നു എന്ന്. പ്രതിബന്ധങ്ങളെ പ്രാർത്ഥനയാകുന്ന ആയുധം കൊണ്ട് നേരിട്ട പടയാളിയുടെ ചിത്രം മനസ്സിൽ എന്നും മായാതെ നിൽക്കുന്നു.

വ്യക്തിബന്ധങ്ങൾക്ക് പ. ബാവാ തിരുമേനി നൽകിയിരുന്ന പ്രാധാന്യം പ്രത്യേകം പ്രസ്താവ്യമാണ്. മലങ്കരസഭയിലെയും പൊതുസമൂഹത്തിലെയും വളരെ വലിയൊരു സംഖ്യ വരുന്ന വ്യക്തികൾ പ. ബാവാ തിരുമേനിയുടെ സൗഹൃദ വലയത്തിൽ ഉൾപ്പെട്ടിരിക്കുന്നു. എന്റെ ഭാഗത്തെ പ്രശ്നംകൊണ്ട് എന്റെ സൗഹൃദങ്ങൾ നഷ്ടപ്പെടുവാൻ ഇടയാകരുത് എന്നെനിക്ക് നിർബന്ധമുണ്ട് എന്ന് പറയുമായിരുന്നു. തിരുമേനിയുടെ സ്നേഹവലയത്തിൽ ദരിദ്രരും, ധനികരും, പണ്ഡിതരും, പാമരരും അടുത്തുള്ളവരും അകലെയുള്ളവരും എല്ലാം ഉൾപ്പെട്ടിരുന്നു. വർഷമേറെ കഴിഞ്ഞും നിലനിൽക്കുന്ന സൗഹൃദങ്ങളായിരുന്നു ഏറെയും. എന്റെ സഭയുടെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്നവരാണ് എനിക്ക് ഏറ്റവും വേണ്ടപ്പെട്ടവർ. സഭയ്ക്കുവേണ്ടി തങ്ങളുടെ അധ്വാനം ചെലവഴിക്കുന്ന ഓരോരുത്തരെയും ഏറെ വിലയേറിയവരായി കണ്ടു. എത്ര വലിയ ആൾക്കൂട്ടത്തിലും അവരെ തിരിച്ചറിയും. ആർക്കും പ. ബാവാ തിരുമേനിയെ ഫോണിൽ വിളിക്കാം, തങ്ങളുടെ ഭാഗം അവതരിപ്പിക്കാം. മികച്ചൊരു കേഴ്‌വിക്കാരനാവുക എന്നത് സൗഹൃദങ്ങളെ ഊഷ്മളമാക്കുന്നതിനുള്ള മാർഗമാണ്. പ. ബാവാ തിരുമേനി മികച്ച ഒരു ശ്രോതാവായിരുന്നു. പ്രശ്നങ്ങൾ ഉള്ളു തുറന്നു കേൾക്കുവാനും ആവുംവിധം അവ പരിഹരിക്കുവാനും ഏറെ ശ്രദ്ധിച്ചിരുന്നു.

വിശ്വാസം ജീവിതമാക്കിയൊരാൾ എന്ന് പ. പിതാവിനെക്കുറിച്ച് സംശയലേശമെന്യേ പറയാം. സ്വന്ത വിശ്വാസവും ജീവിതവും തമ്മിൽ അകലമുണ്ടാകരുത് എന്ന് ആഗ്രഹിച്ചു. അതിനുതകുന്ന ജീവിതശൈലി സ്വാംശീകരിച്ചു.

പ. ബാവാ തിരുമേനിയുടെ ദൈവവിശ്വാസവും പ. സഭയുടെ ആരാധനകളിലും, യാമനമസ്കാരങ്ങളിലും, നോമ്പുസമയത്തെ നമസ്കാരങ്ങളിലും ഉള്ള ശ്രദ്ധയും സമർപ്പണവും പ്രത്യേകം പരാമർശിക്കപ്പെടേണ്ടതാണ്. കൃത്യമായ

നിഷ്ഠയോടു കൂടിയ വേദപുസ്തക വായന. വായിച്ച ഭാഗം കൃത്യമായി രേഖപ്പെടുത്തി വയ്ക്കും. വി. വേദപുസ്തകത്തിലെ ഓരോ സംഭവും മനഃപാഠമായിരുന്നു. ദൈനംദിന ജീവിതാനുഭവങ്ങളും വേദപുസ്തക സന്ദർഭങ്ങളും കോർത്തിണക്കി അതീവ ഹൃദ്യവും ലളിതവുമായി അവതരിപ്പിച്ചിരുന്നത് ഓർക്കുന്നു. ഗോലിയാത്തിനെ നേരിടുവാൻ ശൗലിന്റെ പടച്ചട്ടയും ഉടവാളും ഉപയോഗിക്കുവാൻ ശ്രമിച്ച ദാവീദിനെക്കുറിച്ച് പറഞ്ഞു. "പടച്ചട്ട ഉയർത്തി നോക്കി, ഉടവാളെടുത്തു നോക്കി, ഒന്നും പാവം ഇടയച്ചെറുക്കന് പാകമായിരുന്നില്ല. ദൈവം തെരഞ്ഞെടുത്തവന് കവണയും കല്ലും മതിയാകും. ദൈവിക പദ്ധതിയെക്കുറിച്ച് ബോധ്യമുള്ളവന് ദൈവനടത്തിപ്പിനെക്കുറിച്ച് വിചാരപ്പെടേണ്ടതില്ല; ദൈവം കരുതിക്കൊള്ളും എന്നതായിരുന്നു ഉറച്ച ബോധ്യം."

എം.ഒ.സി. പബ്ലിക്കേഷൻസിന്റെ ചുമതലയുള്ള ബഹു. പാമ്പാടിക്കണ്ടത്തിൽ ജോസഫ് കുറിയാക്കോസ് അച്ചൻ, ആരാധനാ പുസ്തകങ്ങളുടെ പുതിയ പതിപ്പ് പ്രസിദ്ധീകരിക്കുന്നതിന് മുമ്പായി പ. ബാവാ തിരുമേനിയെ വന്ന് കാണുക പതിവായിരുന്നു. പ. പിതാവിന്റെ കൈവശം ഒരു കുറിപ്പു പുസ്തകമുണ്ടായിരുന്നു. ഓരോ ആരാധനാ പുസ്തകത്തിലും അച്ചടിയിൽ വന്ന പിശകുകൾ രേഖപ്പെടുത്തിയിട്ടുണ്ടാകും. അവ അച്ചന് കൈമാറും. കൃത്യമായി പുസ്തകം നോക്കി നമസ്കരിക്കുമ്പോൾ അർത്ഥമറിഞ്ഞ് നമസ്ക്കരിക്കണം. അർത്ഥമറിഞ്ഞ് ആരാധന നടത്തുമ്പോഴാണ് പുസ്തകത്തിലെ പിശകുകൾ ഏതെങ്കിലുമുണ്ടെങ്കിൽ അവ കണ്ണിൽപ്പെടുക. ഓരോ കൊല്ലത്തെയും സഭാ പഞ്ചാംഗം തയ്യാറാക്കൽ പ. ബാവാ തിരുമേനിക്ക് ഏറെ ഇഷ്ടമായിരുന്നു. സുറിയാനി സംഗീതക്രമം (എക്കാറ) അനുസരിച്ച് ഓരോ ആഴ്ചയിലും, മാറാനായ പെരുന്നാളിലും ഉപയോഗിക്കേണ്ട രാഗങ്ങൾ (നിറങ്ങൾ) നേരിട്ട് പരിശോധിച്ച് നൽകുമായിരുന്നു. ആരാധനാ ജീവിത നിഷ്ഠകൾ പോരായ്മ കൂടാതെ നിർവ്വഹിക്കണം എന്ന വലിയ നിർബന്ധം എപ്പോഴും പുലർത്തിയിരുന്നു.

വിശ്വാസത്തെ ജീവിതമായിത്തന്നെ കരുതിയ പ. ബാവാ തിരുമേനി ഒരു പ്രാർത്ഥനാ മനുഷ്യൻ എന്ന് അറിയപ്പെടുവാൻ ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല. മെത്രാൻ സ്ഥാനത്തേയ്ക്ക് 1982-ൽ തെരഞ്ഞെടുക്കപ്പെട്ടു; മെത്രാഭിഷേകത്തിനു മുമ്പ് റമ്പാനായി പരുമല സെമിനാരിയിൽ താമസിച്ചിരുന്ന കാലം വന്ദ്യ വയോധികനായ ഒരു മുൻ പ്രഥമാധ്യാപകൻ പറഞ്ഞു (അദ്ദേഹം അക്കാലം മുതൽ ഇന്നുവരെയും പ. ബാവാ തിരുമേനിയോട് പിതൃനിർവ്വിശേഷമായ വാത്സല്യത്തോടും, ആത്മിക പുത്രനുചിതമായ ഭക്തിയോടുംകൂടെ വർത്തിക്കുന്ന ആളാണ്) പാതിരാ പിന്നിട്ടിട്ടും പോൾ റമ്പാച്ചന്റെ മുറിയിൽ വെളിച്ചം ഉണ്ടായിരുന്നു. വാതിൽക്കലെത്തിയപ്പോൾ അകത്തുനിന്ന് പ്രാർത്ഥനയുടെ ശബ്ദം കേട്ടു. പിറ്റേന്ന് നേരിട്ട് പരിചയപ്പെട്ടു. ആ ബന്ധം ഇന്നും തുടരുന്നു.

എക്യുമെനിക്കൽ സന്ദർശനങ്ങൾക്കായി യാത്ര ചെയ്യുമ്പോഴും വിദേശയാത്രകൾക്കിടയിലും പലപ്പോഴും, എയർപോർട്ടുകളിൽ ഉൾപ്പെടെ, എല്ലാവരിൽ നിന്നും മാറിയിരുന്ന്, കൈവശമുള്ള ചില കാർഡുകൾ എടുത്ത് വായിക്കുന്നത് കണ്ടിരുന്നതായി കൂടെയുള്ള മെത്രാപ്പോലീത്താമാർ കണ്ടിരുന്നു. എന്താണിതെന്ന് അവർക്കും അദ്ഭുതം തോന്നിയിട്ടുണ്ടത്രേ. പ. ബാവാ തിരുമേനിയുടെ കൊവിഡാനന്തര ചികിത്സയ്ക്കായി ആശുപത്രിയിൽ കഴിഞ്ഞ കാലത്താണ് തന്റെ പ്രാർത്ഥനാശൈലിയെക്കുറിച്ച് മറ്റുള്ളവരോട് പറയുന്നത്. യാമനമസ്കാരങ്ങൾക്കും രഹസ്യപ്രാർത്ഥനകൾക്കും ശേഷം സ്വന്തമായി ചിട്ടപ്പെടുത്തിയ പ്രാർത്ഥനകൾ രഹസ്യമായി ചൊല്ലും. സഭാഭരണ നിർവ്വഹണത്തിൽ പ. പിതാവിനോട് ചേർന്ന് നിൽക്കുന്നവർ, സഹോദരമെത്രാപ്പോലീത്താമാർ, ദേവലോകം അരമന കുടുംബാംഗങ്ങൾ ഇവരുടെയൊക്കെ പേരുകൾ കൂടാതെ പ്രത്യേക ആവശ്യങ്ങൾക്കായി പ്രാർത്ഥിക്കണമെന്ന് പരിശുദ്ധ ബാവാ തിരുമേനിയോട് ആവശ്യപ്പെട്ടിട്ടുള്ളവരുടെ പേരുകളും അവയിൽ ഉൾപ്പെട്ടിരുന്നു. പ. സഭയ്ക്കുവേണ്ടി നിഷ്ഠയോടെ പ്രാർത്ഥിച്ചിരുന്ന പ. പിതാവ് ശുദ്ധിമതിയായ ദൈവമാതാവിന്റെയും, മലങ്കരസഭയിൽ ഏതെല്ലാം വിശുദ്ധന്മാരുടെ നാമത്തിൽ ആരാധനാലയങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടോ അവരുടെയും മദ്ധ്യസ്ഥ പ്രാർത്ഥനാ സഹായങ്ങൾ എന്നും തേടിയിരുന്നു.

കൊറോണ രോഗമുണ്ടായപ്പോൾ, ലോകമെങ്ങുമുള്ള കൊറോണ രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനായി ഒരു പ്രത്യേക പ്രാർത്ഥന ചിട്ടപ്പെടുത്തി, എല്ലാ പ്രാർത്ഥനകളോടും ചേർന്ന് പ്രാർത്ഥിച്ചുപോന്നു. ലോകമെങ്ങുമുള്ള ക്രൈസ്തവസഭാ മേലദ്ധ്യക്ഷന്മാർക്കുവേണ്ടിയും, ക്ലേശമനുഭവിക്കുന്ന സഹോദരങ്ങൾക്കുവേണ്ടിയും ഹൃദയനൈർമ്മല്യത്തോടെ പ്രാർത്ഥിക്കുമായിരുന്നു. കർത്താവിന്റെ പഞ്ചക്ഷതങ്ങളെ ധ്യാനിച്ചുകൊണ്ടുള്ള പ്രാർത്ഥനയും, യേശുനാമപ്രാർത്ഥനയും (Jesus Prayer) പ. പിതാവിന്റെ ദൈനംദിന പ്രാർത്ഥനകളിൽ ഉൾച്ചേർന്നിരുന്നു. ഒട്ടും പ്രസിദ്ധിയോ പരസ്യമോ കൂടാതെ ഇവയെല്ലാം ജീവിതാവസാനം വരെ നിഷ്ഠയോടെ നിറവേറ്റുവാൻ പ. ബാവാ തിരുമേനിക്ക് കഴിഞ്ഞിരുന്നു. എല്ലാവരോടും ഏറെ സംസാരിക്കുവാൻ ഏറെ ഇഷ്ടപ്പെട്ടിരുന്ന പ. ബാവാ തിരുമേനി മാസത്തിൽ ഒരിക്കൽ 24 മണിക്കൂർ എങ്കിലും പൂർണ്ണ മൗനത്തിൽ ഞാലിയാകുഴി മാർ ബസേലിയോസ് ദയറായിൽ ചെലവിടുമായിരുന്നു. ഏതെങ്കിലും കാരണവശാൽ ഒരു മാസം സമയം കണ്ടെത്താനാവാതിരുന്നാൽ, അതുൾപ്പെടെയുള്ള സമയം പരിപൂർണ്ണ മൗനത്തിലും പ്രാർത്ഥനയിലും ചെലവഴിക്കുവാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഏതെങ്കിലുമൊരു സന്യാസാശ്രമത്തിലെ അംഗമല്ലാതിരുന്നിട്ടും സന്യാസിയുടെ ജീവിത നിഷ്ഠ പാലിക്കുവാൻ അങ്ങേയറ്റം ശ്രദ്ധിച്ചിരുന്നു എന്നതുകൊണ്ടു തന്നെ ആ ജീവിതത്തിൽ പ്രാർത്ഥനയ്ക്ക് അദ്വിതീയ സ്ഥാനമുണ്ടായിരുന്നു.

ആർദ്രകരുണയും മനുഷ്യസ്നേഹവും നിറഞ്ഞ ജീവിതമായിരുന്നു പ. പൗലോസ് ദ്വിതീയൻ ബാവാ തിരുമേനിയുടേത്. പ. ബാവാ തിരുമേനിയുടെ അനുസ്മരണം നടത്തിയ ശ്രീ. സി. പി. ജോൺ ഒരിക്കൽ കുന്നംകുളം അരമനയിലെത്തിയ അനുഭവം പറഞ്ഞു. ഏറെ സാമ്പത്തിക ക്ലേശമനുഭവിക്കുന്ന ഒരു സ്ത്രീയുടെ സഹായത്തിനാണ് എത്തിയത്. വിവരം അറിഞ്ഞ്, ചെക്കുബുക്ക് എടുത്ത് ആവശ്യമുള്ളതിൽ അധികം തുക നൽകിയ സംഭവം അദ്ദേഹം ഇന്നുമോർക്കുന്നു. പ. പിതാവിനെ അടുത്തറിയാവുന്നവർക്ക് ഒട്ടും പരസ്യം കൂടാതെ അദ്ദേഹം ചൊരിഞ്ഞിരുന്ന ആർദ്രകരുണയെക്കുറിച്ചും മനുഷ്യസ്നേഹത്തെക്കുറിച്ചും വളരെയേറെ അറിയാം. അനേകം അനുഭവങ്ങൾ എന്റെയും ഓർമ്മയിലുണ്ട്. ചികിത്സാ സഹായത്തിനായും മറ്റ് സാമ്പത്തിക ക്ലേശങ്ങൾ മൂലവും ദേവലോകം അരമനയിൽ എത്തിച്ചേരുന്ന ആരുടെയും മുന്നിൽ ആ കരുണാവാതിൽ അടഞ്ഞിരുന്നില്ല. പ. സഭാംഗമായ, അംഗപരിമിതയായ ഒരു പെൺകുട്ടി, പ്രസംഗ മത്സരങ്ങളിലും മറ്റും പങ്കെടുത്ത് സമ്മാനങ്ങൾ നേടും. മിടുക്കിയാണ്, വൈകല്യം മൂലം തോൽക്കാൻ സ്വയം അനുവദിക്കാത്തവൾ. അവളുടെ അമ്മ ഒക്കത്തെടുത്താണ് ദേവലോകം അരമനയിലെത്തിച്ചത്. സ്വയംപര്യാപ്തയാകുന്നതിനായി ഒരു പുസ്തക വിൽപനശാല തുടങ്ങണമെന്നാണ് അവളുടെ ആഗ്രഹം. പണം കണ്ടെത്താനാവുന്നില്ല. അരമനയുടെ കാർപ്പോർച്ചിന് സമീപമുള്ള സ്വീകരണസ്ഥലത്ത് ഇരിക്കുന്ന തന്റെ ആത്മിക പുത്രിയെക്കാണാൻ പ. പിതാവ് താഴെ ഇറങ്ങിവന്നു. അവൾ ഇരുന്ന ഇരിപ്പിടത്തിൽ, വാത്സല്യത്തോടെ കൂടെയിരുന്നു. അവളുടെ ആവശ്യമെന്തെന്നറിഞ്ഞു.

ആവശ്യമായ തുക അവളുടെ കൈവശം ഏൽപിച്ചു. ഇന്നും ആ പെൺകുട്ടി അവളുടെ വ്യാപാരസ്ഥാപനം നന്നായി നടത്തുന്നു. അനുഗ്രഹിനെയും ഫാത്തിമയെയും കരുതിയ സ്നേഹം മാധ്യമങ്ങളിലൂടെ എല്ലാവരും അറിഞ്ഞതാണല്ലോ. അങ്ങനെ എത്രയേറെ അനുഭവങ്ങൾ! മഞ്ഞപ്രയിലെ ബാലഭവനും, കുന്നംകുളത്ത് പണിതുയർത്തപ്പെട്ടുകൊണ്ടിരിക്കുന്നതും, പണിപൂർത്തിയായതുമായ ഭവനങ്ങളും, വിശുദ്ധങ്ങളായ ആ കരങ്ങൾ നീട്ടിക്കൊടുത്ത സഹായങ്ങളിലൂടെ ചികിത്സ നടത്തി രോഗശമനം നേടിയ അനേകരും പ. പിതാവിന്റെ മനുഷ്യസ്നേഹത്തിന്റെയും ആർദ്രകരുണയുടെയും നേർ സാക്ഷ്യങ്ങളാണ്. മാതാപിതാക്കളുടെ മരണം നിമിത്തം ജപ്തി നടപടി നേരിട്ടവർ, പ്രളയം മൂലം ഭവനം നശിച്ചവർ – സഹായം പ്രവഹിച്ചിട്ടുള്ളത് നിരവധി കൈവഴികളിലൂടെയാണ്. ചെറുപ്പത്തിൽ, ഒരഞ്ചു വയസുകാരന്റെ മനസ്സിൽ ഉറവെടുത്ത ഒരു പ്രാർത്ഥന ഉണ്ടായിരുന്നു. 'കർത്താവേ, നിന്റെ സ്വർഗ്ഗരാജ്യത്തിൽ എനിക്കും അൽപം സ്ഥലം തരണമേ' എന്ന്.

ദൈവഭക്തിയും മനുഷ്യസ്നേഹവും ആർദ്രകരുണയും ഒത്തുചേർന്ന ആ വിശുദ്ധാത്മാവിന്റെ പ്രാർത്ഥനയെ ദൈവംതമ്പുരാന് നിഷേധിക്കാനാവുകയില്ലല്ലോ! തന്റെ വിശുദ്ധന്മാരുടെ ഗണത്തിൽ പ. പിതാവിനെ ദൈവം തമ്പുരാൻ ചേർത്തിരിക്കുന്നു എന്ന് നമുക്ക് ഉറപ്പായി വിശ്വസിക്കാം. വിനയവും ലാളിത്യവും മുഖമുദ്രയാക്കിയപ്പോഴും പദവിയുടെ ഗരിമ കാത്തുസൂക്ഷിച്ച പിതാവായിരുന്നു പ. പൗലോസ് ദ്വിതീയൻ ബാവാ. സന്ദർശകരോട് ഇരിക്കാനാവശ്യപ്പെടും. ബാവായുടെ മുമ്പിൽ ഇരിക്കാൻ വിസമ്മതിക്കുന്നവരോട് എന്നാൽ ഞാനും നിൽക്കാം എന്നാണ് പറയുക. അവരെയും ചേർത്തിരുത്തി സംസാരിക്കും. സഭാതലവനെ ക്ഷണിക്കുവാൻ സാമ്പത്തിക ക്ലേശം മൂലം കഴിയാത്ത ഇടവകകളാണ് തങ്ങൾ എന്ന് സ്വയം കരുതുന്ന ചില ചെറിയ ഇടവകകളുണ്ടായിരുന്നു. അവരുടെ ആഗ്രഹം മനസ്സിലാക്കിക്കൊണ്ട് തലേദിവസം തന്നെ അവിടെ എത്തി, പരിമിത സൗകര്യങ്ങളിൽ പൂർണ്ണ തൃപ്തിയോടെ താമസിച്ച്, അവിടെ വി. കുർബ്ബാന അർപ്പിച്ച്, അവരോടൊപ്പം സമയം ചെലവഴിച്ച് അവർക്ക് ബസേലിയോസ് എന്ന തന്റെ നാമത്തിനും സ്ഥാനത്തിനും അനുയോജ്യമായ ഉപഹാരങ്ങളും നൽകിയിട്ടാണ് മടങ്ങിപ്പോന്നിരുന്നത്. സഭാതലവന്റെ അത്യുന്നത സ്ഥാനത്തിരിക്കുമ്പോഴും കൈമുതലാക്കിയ വിനയവും ലാളിത്യവും സ്വർണ്ണത്തിന് സുഗന്ധംപോലെ എന്ന് വിശേഷിപ്പിക്കാം. എന്നാൽ ഇതേ തലവൻ തന്നെയാണ് ഇതര സഭാതലവന്മാരുടെ വിശേഷിച്ച് പ. മാർപാപ്പയുടെയും റഷ്യൻ പാത്രിയർക്കീസിന്റെയും, കോപ്റ്റിക്, അർമ്മീനിയൻ, അന്ത്യോഖ്യൻ, എത്യോപ്യൻ പാത്രിയർക്കീസുമാരുടെയും പ. അരാം കാതോലിക്കായുടെയും മറ്റും മുമ്പിൽ രാജതലവന്മാർക്കും രാഷ്ട്രീയ നേതാക്കന്മാർക്കും മുമ്പിൽ, മലങ്കരസഭയുടെ അഭിമാനം വാനോളമുയർത്തിക്കൊണ്ട് വിളങ്ങി നിന്നത്. സ്വന്ത പദവിയുടെ മഹത്വം തിരിച്ചറിഞ്ഞ് അതിന്റെ യശസ് ഉയർത്തിക്കാട്ടിയത്.

കുഞ്ഞുങ്ങളുടെ ഉത്തമ സ്നേഹിതനായിരുന്നു പ. പൗലോസ് ദ്വിതീയൻ ബാവാ. സാമ്പത്തിക ക്ലേശം മൂലം ജീവിതം വഴിമുട്ടിയവരെ അവരുടെ പഠനത്തിനും ജീവിതത്തിനുമാവശ്യമായ കൈത്താങ്ങൽ നൽകി സഹായിച്ചതു കൂടാതെ അവരോടൊത്ത് സമയം ചെലവിടുന്നതിനും സമയം കണ്ടെത്തി. പൗരസ്ത്യ കാതോലിക്കാ സ്ഥാനത്തെത്തിയതിനു ശേഷമുള്ള ആദ്യത്തെ പിറന്നാൾ മഞ്ഞപ്ര ബാലഭവനത്തിലെ കുഞ്ഞുങ്ങൾക്കൊപ്പമായിരുന്നു. എല്ലാ വർഷവും അതു തന്നെയാവണം എന്ന് ആഗ്രഹിച്ചുവെങ്കിലും സഭാഭരണം സംബന്ധിച്ച കൃത്യാന്തരബാഹുല്യം നിമിത്തം അത് പൂർണ്ണമായും നിറവേറ്റുവാൻ കഴിഞ്ഞില്ല. സാന്ത്വനം സ്പെഷ്യൽ സ്കൂളിലെ കുഞ്ഞുങ്ങളിലൊരാൾ ആ കൈകളിലിരുന്ന സ്ലീബാ വാങ്ങി ആ ശിരസ്സിൽ സ്പർശിച്ചപ്പോൾ അത് സന്തോഷപൂർവ്വം ഏറ്റുവാങ്ങുന്ന ചിത്രം, പ. പിതാവിന്റെ കാഴ്ചപ്പാടിൽ ഏറെ അർത്ഥതലങ്ങൾ ഉൾക്കൊള്ളുന്നതാണ്. കാരണം, കുഞ്ഞുങ്ങൾ വിശുദ്ധരാണ്. അവരെ വാത്സല്യപൂർവ്വം ലാളിക്കുന്നത് നമുക്ക് അനുഗ്രഹത്തിന് കാരണമാണ്. പ. ബാവാ തിരുമേനി വാത്സല്യപൂർവ്വം സ്നേഹിക്കുകയും കരുതുകയും ചെയ്ത കുഞ്ഞുങ്ങളെല്ലാവർക്കും വേണ്ടി ആ പരിശുദ്ധ പിതാവ് ദൈവതിരുമുമ്പാകെ മധ്യസ്ഥത അണയ്ക്കുന്നു. അവരോരുത്തർക്കും അനുഗ്രഹകാരണമാണത്. ഒമ്പതു വർഷത്തിലേറെയായി പ. പിതാവിന്റെ അരമനയിൽ അദ്ദേഹത്തെ സേവിച്ച സജി ജോസഫിന്റെ ജീവിതത്തിൽ ലഭിച്ച സവിശേഷ അനുഗ്രഹത്തെക്കുറിച്ച് പരാമർശിക്കുന്നത് ഏറെ ഉചിതമാണ്. മാതാപിതാക്കളുടെ മരണശേഷം പ. പിതാവിനെ സ്വന്ത പിതാവായി കരുതി കൂടെ നിന്ന സജിയുടെ വിവാഹം പ. പിതാവ് നടത്തിക്കൊടുത്തു. ഒരു കുഞ്ഞുണ്ടായപ്പോൾ കൊറോണ മൂലം യഥാസമയം ആ കുഞ്ഞിന്റെ മാമൂദീസാ നടത്താൻ കഴിഞ്ഞില്ല. കുഞ്ഞിനെ കാണാൻ തിരുമേനി ആഗ്രഹിച്ചു. ഒരു ഫോട്ടോ കൊണ്ടുവന്ന് കാണിക്കണം എന്ന് പറഞ്ഞു. ആ കുഞ്ഞിന്റെ ഫോട്ടോ സ്വന്തം ബ്രീഫ്കെയ്സിൽ സൂക്ഷിച്ചുവച്ചു. അവൾക്കൊരു പേരിട്ടു. പിന്നീട്, അനുയോജ്യമായ ഒരു ദിവസം തെരഞ്ഞെടുത്ത് അവൾക്ക് മാമൂദീസാ നൽകി. ഒരു വയസ് പൂർത്തിയായപ്പോൾ മാതാപിതാക്കൾ അവളെ പ. പിതാവിന്റെ അടുത്തേയ്ക്ക് കൊണ്ടുവരുന്നു എന്നറിഞ്ഞു. എന്നെ വിളിച്ചുവരുത്തി, അവൾക്കായി സമ്മാനങ്ങൾ വാങ്ങിവരുവാൻ ആവശ്യപ്പെട്ടു. ഓരോ സമ്മാനവും എന്താണെന്ന് നോക്കിക്കണ്ടു. കളിപ്പാട്ടങ്ങൾ പ്രവർത്തിപ്പിക്കുന്നതെങ്ങനെയെന്ന് നോക്കി. ആ ഒരു വയസുകാരിയുടെ മുമ്പിൽ സഭാ തലവൻ തന്റെ വാത്സല്യത്തിന്റെ ഭണ്ഡാരം ചൊരിയുന്ന കാഴ്ച കണ്ടു. ഒപ്പം പറയട്ടെ, ഈ വാത്സല്യവും നൈർമല്യവും ഞങ്ങളുടെയൊക്കെ കുഞ്ഞുങ്ങൾക്ക് എന്നും, കുറവു കൂടാതെ ലഭിച്ചിട്ടുണ്ട്. ഞങ്ങൾക്കു മാത്രമല്ല, ശൈശവത്തിന്റെ നൈർമ്മല്യം പേറുന്ന സകലർക്കും സമൃദ്ധമായി പ്രവഹിച്ചിരുന്നു – ആ ഹൃദയത്തിൽ നിന്ന്. പൈതങ്ങളുടെ മധ്യസ്ഥനായി ദൈവതിരുമുമ്പാകെ നിന്നുകൊണ്ട് അനവരതം അവർക്കുവേണ്ടി പ്രാർത്ഥന സമർപ്പിക്കുവാൻ ദൈവം തമ്പുരാൻ ആ പരിശുദ്ധനെ യോഗ്യനാക്കും എന്ന് നമുക്ക് ഉറപ്പോടെ വിശ്വസിക്കാം.

മനുഷ്യസ്നേഹവും ആർദ്രകരുണയും, വിനയവും ലാളിത്യവുമെല്ലാം മകുടം ചാർത്തിയിരുന്ന ആ വ്യക്തിത്വം ഉറച്ച നിലപാടുകൾകൊണ്ട് സമസ്ത ലോകത്തിന്റെയും ശ്രദ്ധ പിടിച്ചുപറ്റി. ബാല്യം മുതൽതന്നെ കൈവശമാക്കിയിരുന്ന ദൈവഭക്തിയും മൂല്യബോധവും സഭാസ്നേഹവും ജീവിതംകൊണ്ടും പ്രാർത്ഥനകൊണ്ടും ആത്മീയാനുഭവങ്ങൾകൊണ്ടും ശതഗുണീഭവിച്ചു. സഭയുടെ തലവൻ സഭയ്ക്കു മുഴുവനുംവേണ്ടി പ്രാർത്ഥിക്കുന്നവനും, സഭയെ യഥായോഗ്യം നയിക്കുന്നവനുമാകണം എന്ന ബോദ്ധ്യമുണ്ടായിരുന്നു. അതോടൊപ്പം കർത്താവ് തന്നെ അദ്ധ്യക്ഷനാക്കിവച്ച സഭയുടെ സ്വാതന്ത്ര്യവും സ്വയംശീർഷകത്വവും സംരക്ഷിക്കുന്നതിനും അതിന്റെ ഭാവി സുരക്ഷിതമാക്കുന്നതിനും പരിപൂർണ്ണ ശ്രദ്ധ ചെലുത്തി. വ്യവഹാര രഹിത മലങ്കരസഭയെ സ്വപ്നം കണ്ടു. നമ്മുടെ നിലപാടുകൾ ബലികഴിച്ചുകൊണ്ടോ, വ്യവസ്ഥാപിതമല്ലാത്ത മാർഗങ്ങളിലൂടെയോ ഉള്ള സമാധാന സ്ഥാപനം അല്പായുസായിരിക്കും എന്ന് ഉറച്ച് വിശ്വസിച്ചു. 'വിട്ടുവീഴ്ചകൾക്ക് തയ്യാറാണ്, പക്ഷെ അത് നിയമപരമായി സാധുതയുള്ള സമാധാന സ്ഥാപനത്തിനുശേഷം മാത്രം' എന്നതായിരുന്നു നിലപാട്.

പരിഹാസങ്ങളോടും കുറ്റപ്പെടുത്തലുകളോടും ക്രിസ്തീയമായി എങ്ങനെ പ്രതികരിക്കാം എന്നത് പ. ബാവാ തിരുമേനി സ്വന്ത ജീവിതത്തിലൂടെ കാട്ടിത്തന്നു. ജീവിതത്തിന്റെ പല അവസരങ്ങളിലും ഏറെ കുറ്റപ്പെടുത്തലുകൾ കേൾക്കേണ്ടി വന്നു. അതീവ മനഃക്ലേശം ഉണ്ടാക്കുന്ന സാഹചര്യങ്ങളിലൂടെ കടന്നുപോയി. 2017 ജൂലൈ 3-ലെ കോടതിവിധിക്കുശേഷം കൈക്കൊണ്ട ഉറച്ച നിലപാടുകൾ ഒട്ടേറെ വിമർശനത്തിനിടയാക്കി. സാമൂഹിക മാധ്യമങ്ങളിലൂടെ വ്യാജം നിറഞ്ഞതും അവാസ്തവവുമായ അനവധി പ്രചാരണങ്ങളുണ്ടായി. വ്യക്തിഹത്യ, പരസ്പര വൈരാഗ്യം, തെറ്റിദ്ധാരണ പ്രചരിപ്പിക്കൽ ഇവയൊക്കെ ലക്ഷ്യമാക്കിക്കൊണ്ട് തികച്ചും ആസൂത്രിതമായ പ്രചരണ പരമ്പര തന്നെ അരങ്ങേറി. തികച്ചും ഉദ്ദേശ്യശുദ്ധിയോടെ നടത്തിയ പരാമർശങ്ങൾപോലും മലങ്കരസഭയുടെ ശത്രുക്കൾ വളച്ചൊടിച്ച് പ്രചരിപ്പിച്ചു. തേജോവധം ചെയ്യുന്നതിന് അണിയറയിൽ കരുക്കൾ നീക്കി. അവയൊക്കെയും പ. ബാവാ തിരുമേനിയുടെ കണ്ണിൽപ്പെടുന്നുണ്ടായിരുന്നു. എന്നിട്ടും, ആർക്കെതിരെയും പ്രതി

ഷേധിക്കുവാനോ പരസ്യപ്രസ്താവനകൾ നടത്തുവാനോ ഒരിക്കലും തുനിഞ്ഞില്ല. എനിക്കെതിരെയും ഒരു ഘട്ടത്തിൽ വ്യാപകമായ സാമൂഹിക മാധ്യമ പ്രചരണം ഉണ്ടായി. ഓരോന്നും പ. പിതാവിനെ കാണിക്കും. മറുപടി ഇങ്ങനെ – ഇതൊക്കെ അച്ചന് സ്വർഗ്ഗത്തിൽ നിക്ഷേപമാണ്. ഇതു പറഞ്ഞിട്ട് തിരുമേനിയുടെ പ്രാർത്ഥനാ കാർഡ് കാണിച്ചുകൊണ്ട് പറയും, "വിഷമിക്കേണ്ട, സമാധാനപരമായിരിക്ക്, ഞാൻ എല്ലാ ദിവസവും രാവിലെയും വൈകിട്ടും നിങ്ങൾക്കെല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കുന്നുണ്ട്."

വലിയ മനോഭാരവും പ്രതിസന്ധിയും ഒക്കെ നേരിടുന്ന അനേകരും, പ. പിതാവിന്റെ സന്നിധിയിലെത്തി വിഷമങ്ങൾ പങ്കുവച്ച്, നിറഞ്ഞ സന്തോഷത്തോടെ മടങ്ങുന്നത് കണ്ടിട്ടുണ്ട്. ദൈവതിരുമുമ്പാകെ പ. പിതാവ് നമുക്കെല്ലാവർക്കുംവേണ്ടി അണയ്ക്കുന്ന പ്രാർത്ഥനകൾ നമുക്ക് മനശാന്തിക്കും സമാധാനത്തിനും കാരണമാകും എന്ന് ഉറച്ചു വിശ്വസിക്കാം.

പ. ബാവാ തിരുമേനിയെ പരിചയപ്പെട്ടിട്ടുള്ള, തിരുമേനിയുമായി വ്യക്തിബന്ധം പുലർത്തിയ ഓരോരുത്തരുടെയും മനസ്സിൽ നിറയുന്ന ഒരു വിചാരമുണ്ട്. ബാവാ തിരുമേനി എന്നെയാണ് ഏറ്റവും സ്നേഹിച്ചത് എന്ന്. തിരുമേനിയുടെ സാന്നിദ്ധ്യവും സ്നേഹവും അനുഭവിച്ചിട്ടുള്ള എല്ലാവർക്കും പൊതുവായി പറയാവുന്ന ഒന്നാണിത്. ഓരോരുവനും വ്യക്തിപരമായി തിരുമേനിയുടെ സ്നേഹം അനുഭവിക്കുവാൻ കഴിഞ്ഞു. അത് അവരെല്ലാം ഏറെ വിലപ്പെട്ടതായി കരുതുന്നു. അതുകൊണ്ടുതന്നെ, ശരീരം വിട്ട് ദൈവസന്നിധിയിലേക്ക് കടന്നുപോയ പ. ബാവാ തിരുമേനിയുടെ ദേഹവിയോഗം പ. പിതാവിനെ സ്നേഹിക്കുന്ന സകലരിലും ഉളവാക്കിയിരിക്കുന്ന ശൂന്യതയുടെ ആഴം പറഞ്ഞറിയിക്കാവുന്നതിനപ്പുറമാണ്. ഇപ്രകാരം അതിരു കാണാനാവാത്തത്ര ആഴമുള്ള സ്നേഹം പകർന്ന് നൽകുവാൻ നിദാനമായത് പ. പിതാവിന്റെ ജീവിത വിശുദ്ധിയാണ് എന്ന് സംശയം കൂടാതെ പറയുവാൻ കഴിയും.

ഒരുക്കത്തോടെ ദൈവസന്നിധിയിലേക്ക് യാത്രയാകുവാൻ സാധിക്കുക എന്നത് ഒരു ഭാഗ്യം തന്നെയാണ്. നമ്മുടെ പ്രസംഗങ്ങളുടെയും ആരാധനകളുടെയുമെല്ലാം അഭിവാജ്യ ഘടകം തന്നെയാണത്. സ്വന്ത ജീവിതത്തിൽ അക്കാര്യം സമ്പൂർണ്ണമായി പകർത്തിയൊരാളായിരുന്നു പ. ബാവാ തിരുമേനി. ഓരോ ദിവസത്തെയും പ്രാർത്ഥനകളിൽ ഓർക്കുന്നതു കൂടാതെ 2021 ഫെബ്രുവരി 23-ാം തീയതി കൊവിഡ് രോഗബാധ തിരിച്ചറിഞ്ഞ ദിവസം മുതൽ പ. ബാവാ തിരുമനസ്സുകൊണ്ട് ഇഹലോക ജീവിതം അവസാനിപ്പിച്ച് ദൈവസന്നിധിയിലേക്ക് കടന്നുപോകുന്നതിനുള്ള ഒരുക്കം നടത്തിയത് സകലർക്കും മാതൃകയാക്കാവുന്നതാണ്. ആശുപത്രിയിൽ ചെലവഴിച്ച സമയം മുഴുവനും യഥാർത്ഥ ക്രിസ്തീയ പ്രത്യാശയോടെയുള്ള ഒരുക്കത്തിന്റെ സമയമായി വേർതിരിച്ചു. ക്രമമായി ചൊല്ലിക്കൊണ്ടിരുന്ന മധ്യസ്ഥ പ്രാർത്ഥനകൾ കൂടെ നിന്ന ഞങ്ങൾ (കാട്ടിൽ ഗീവർഗീസ് അച്ചനും മെൽവിൻ മാത്യു ശെമ്മാശ്ശനും, പ്രെയ്സൺ റ്റി. ജോൺസൺ ശെമ്മാശ്ശനും, ഞാനും) യാമനമസ്കാരങ്ങളോട് ചേർന്ന് ചൊല്ലുമായിരുന്നു.

ദൈവകൃപയിൽ അഭയപ്പെട്ടുകൊണ്ട് ജീവിതം പൂർത്തിയാക്കി ദൈവസംസർഗത്തിൽ നമുക്കുവേണ്ടി മധ്യസ്ഥത അണയ്ക്കുന്ന പരിശുദ്ധ പിതാവിന്റെ പ്രാർത്ഥന നമുക്ക് ബലമുള്ള കോട്ടയാണ്. പ. സഭയിൽ എക്കാലവും ആ വിശുദ്ധ പിതാവിന്റെ ഓർമ്മ സജീവമായി നിലകൊള്ളും.

ദീർഘനാൾ ഐ.സി.യു. വിൽ കഴിയുന്ന രോഗികൾക്ക് അത് അവരുടെ മാനസികനിലയെ ബാധിക്കുകയും സമയത്തെക്കുറിച്ചും, സ്ഥലത്തെക്കുറിച്ചുമുള്ള ബോധ്യങ്ങളെ ബാധിക്കുകയും, അവരുടെ ശരീരത്തിലെ ജൈവഘടികാരം (biological clock) തകരാറിലാവുകയും ചെയ്യാറുണ്ട്. പ. ബാവാ തിരുമേനിയുടെ ഐ.സി.യു. വാസം സംബന്ധിച്ച് ഡോക്ടർമാർക്ക് ഈ ഒരാശങ്കയുണ്ടായിരുന്നു. എന്നാൽ, ദൈവത്തിൽ സകലവും സമർപ്പിച്ച ആ വിശുദ്ധ പിതാവ്, ഐ.സി.യു. വിൽ ചെലവിട്ട ഓരോ നിമിഷവും അലൗകികമായ ദൈവസംസർഗത്തിൽ നിറഞ്ഞുകൊണ്ട് തികഞ്ഞ പ്രസന്നതയോടെ സമയം ചെലവിടുന്ന കാഴ്ചയാണ് കണ്ടത്. ചിലപ്പോൾ നിശ്ശബ്ദമായി കണ്ണുകളടച്ച് കിടക്കും. വലതുകൈയുടെ തള്ളവിരൽകൊണ്ട് കിടക്കമേൽ റൂശ്മാ ചെയ്തുകൊണ്ടിരിക്കും. മുഖം ഏറെ പ്രസന്നമായിരിക്കും. രഹസ്യമായി നടത്തിവന്ന പ്രാർത്ഥനകൾ തനിയെ ചൊല്ലുവാനാകാതെ വന്നപ്പോൾ അവ തുടർന്ന് നടത്തുവാൻ ഞാലിയാകുഴി മാർ ബസേലിയോസ് ദയറായിലെ ബ. സഖറിയാ നൈനാൻ അച്ചനെ ഏൽപിച്ചു. പ. സഭയുടെ വി. കുർബ്ബാനയുടെ വീഡിയോകളും, പ്രത്യാശഗാനങ്ങളും ഒക്കെ ശ്രവിച്ചുകൊണ്ട് മൗനത്തിലും ധ്യാനത്തിലും കഴിഞ്ഞു. പ. ബാവാ തിരുമേനി ആ അന്തരീക്ഷത്തെ ഏറെ സ്നേഹിച്ചു എന്നു തോന്നുന്നു. ഞാലിയാകുഴി മാർ ബസേലിയോസ് ദയറായിൽ താമസിച്ച് മുടങ്ങാതെ നടത്തിവന്ന മൗനവും ധ്യാനവും മനനവും ഈയൊരു ജീവിതത്തിലേക്ക് പ. ബാവാ തിരുമേനിയെ ഒരുക്കിയിട്ടുണ്ട് എന്ന് തീർച്ചയായും പറയാം. പ. പിതാവിന്റെ ദേഹവിയോഗത്തിന് ഒരാഴ്ച മുമ്പുവരെ എല്ലാ പ്രാർത്ഥനകളിലും പങ്കുചേരുകയും ചെയ്തിരുന്നു.

തൈലാഭിഷേകം നടത്തണമെന്ന് ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് തിരുമേനിയോടാണ് ആവശ്യപ്പെട്ടത്. യാതൊരു പരസ്യവും കൂടാതെ തൈലാഭിഷേകം സ്വീകരിച്ചു. ഓരോ പ്രാവശ്യവും (ഞായറാഴ്ചകളിലും മാറാനായ പെരുന്നാളുകളിലും) വി. കുർബ്ബാന വൈദികർ എത്തിച്ചുനൽകുകയും കാസായിൽ നിന്ന് തനിയെ അനുഭവിക്കുകയുമായിരുന്നു പതിവ്.

പ. പിതാവിന്റെ ദേഹവിയോഗത്തിന്റെ തലേദിവസം മുതൽ യാമനമസ്കാരവും, സങ്കീർത്തനം വായനയും, മധ്യസ്ഥ പ്രാർത്ഥനകളുമെല്ലാം അഭിവന്ദ്യ പിതാക്കന്മാരും വൈദികരും ചേർന്ന് നടത്തി. പാതിരാത്രി നമസ്കാരം പൂർത്തിയാക്കി എല്ലാവരും ചേർന്ന് മാലാഖമാരുടെ സ്തുതിപ്പ് ചൊല്ലിക്കൊണ്ടിരിക്കവെ, ഹൃദയമിടിപ്പ് നേർത്തുനേർത്തുവന്ന് പ. പിതാവ് ദൈവസന്നിധിയിലേക്ക് യാത്രയായി. ഭക്തന് ഉചിതമായ അന്ത്യം! തന്റെ ഭക്തന്മാരുടെ മരണം യഹോവയ്ക്ക് വിലയേറിയതാകുന്നു എന്നത് അന്വർത്ഥമാകുംവണ്ണം തികച്ചും ഭാഗ്യകരമായ മരണമാണ് പ. പിതാവിന് ദൈവം തമ്പുരാൻ നൽകിയത്.

ആശുപത്രി വാസക്കാലത്ത്, പ. പിതാവ് സ്നേഹിച്ചിരുന്നവരിൽ നേരിട്ടു കാണുവാൻ ആഗ്രഹിച്ചിരുന്നവരെ വിളിച്ചുവരുത്തി, നിറകണ്ണുകളോടെ അവരുടെ തലയിൽ സ്ലീബാ വച്ച് അനുഗ്രഹിച്ച് അവർക്കുവേണ്ടി പ്രാർത്ഥിച്ചിരുന്നു; കരുതി വച്ചിരുന്ന ഉപഹാരങ്ങൾ അവർക്ക് സ്വന്ത കൈകൾകൊണ്ട് നൽകുകയും ചെയ്തിരുന്നു. പലവിധ കാരണങ്ങൾകൊണ്ട് അൽപം അകലം പാലിച്ചിരുന്നവർപോലും ആ സന്നിധിയിലേക്ക് ആനയിക്കപ്പെടുകയും, സ്നേഹം വഴിഞ്ഞൊഴുകുന്ന ആ പരിശുദ്ധന്റെ സമീപനംകൊണ്ട് മനസ്സിന്റെ ഇഴയടുപ്പം പുനഃസ്ഥാപിക്കപ്പെടുകയും ചെയ്തിരുന്നു. ദൈവകൃപയിൽ അഭയപ്പെട്ടുകൊണ്ട് ജീവിതം പൂർത്തിയാക്കി ദൈവസംസർഗത്തിൽ നമുക്കുവേണ്ടി മധ്യസ്ഥത അണയ്ക്കുന്ന പരിശുദ്ധ പിതാവിന്റെ പ്രാർത്ഥന നമുക്ക് ബലമുള്ള കോട്ടയാണ്. പ. സഭയിൽ എക്കാലവും ആ വിശുദ്ധ പിതാവിന്റെ ഓർമ്മ സജീവമായി നിലകൊള്ളും.

❑

മലങ്കരയുടെ മായാത്ത മന്ദസ്മിതം

എബി മാത്യു കൊഴുവല്ലൂർ

ഒരു മനുഷ്യൻ തൻറെ ആരംഭ ജീവിത ചുറ്റുപാടിൽ നിന്ന് അല്പം ഉന്നതിയിലേക്ക് ഉയരുമ്പോൾ സ്വാഭാവികമായും ജീവിത രീതിയിലും പെരുമാറ്റത്തിലും ഒരു മാറ്റം ഉണ്ടാകുന്നത് സ്വാഭാവികമാണ് . ജീവിതത്തിലെ ഉയർച്ചകളിൽ ജീവിത ശൈലിക്കോ , പെരുമാറ്റത്തിനോ മാറ്റം വരാതെ സൂക്ഷിക്കുവാൻ ഒരാൾക്ക് കഴിയുക എന്നത് വളരെ അപൂർവ്വമായ ചില മഹൽ ജന്മങ്ങൾക്ക് മാത്രം കഴിയുന്ന ഒന്നാണ് .

കുന്നംകുളത്തെ മാങ്ങാട് എന്ന ഗ്രാമത്തിൽ ഒരു ഇടത്തരം കുടുംബത്തിൽ ജനിച്ച് ഒരു സാധാരണക്കാരനായി ജീവിച്ച് നാലുഭാഗങ്ങളിലും ഉള്ള വിശുദ്ധ സഭകളിൽ തലയെടുപ്പോട് കൂടെ ശോഭിക്കുന്ന കിഴക്ക് ഒക്കെയും ഭാഗ്യമുള്ള വി. മാർത്തോമയുടെ പൗരസ്ത്യ സിംഹാസനത്തിന്റെ അവകാശിയായി വിരാജിക്കുമ്പോഴും തൻറെ ജീവിത ശൈലിയും സ്വഭാവത്തിലും യാതൊരു മാറ്റവും വരാതെ സൂക്ഷിക്കുവാൻ സാധിച്ചു എന്നത് പൗണ്യശ്ലോഹനായ പരി. ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ ബാവ തിരുമേനിയെ സവിശേഷതയുള്ള പുണ്യാത്മാക്കളുടെ നിരയിൽ പ്രഥമ നിരക്ക് അർഹനാക്കുന്നു എന്നതിൽ സംശയമില്ല .

കോട്ടയം ഏലിയാ കത്തീഡ്രലിൽ നടന്ന സഭയുടെ ഒരു പൊതു ചടങ്ങളിൽ ആണ് കുന്നംകുളം ഭദ്രാനത്തിന്റെ അഭി. പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തയെ ഞാൻ ആദ്യം കാണുന്നത് . പഴയ യഹൂദ പാരമ്പര്യത്തിന്റെ വെളുപ്പ് കുന്നംകുളത്തിന് പണ്ടേ പറഞ്ഞു വെച്ചിട്ടുള്ളതാണല്ലോ . വെള്ളിവീണ ഇടതൂർന്ന തടിയിൽ ചറുപ്പം വിട്ടുമാറാൻ പ്രയാസപ്പെടുന്ന ചില കറുത്ത രോമങ്ങൾക്ക് ഇടയിൽ ആ ചുവന്നുതുടുത്ത മുഖം ചക്രവാളത്തിലെ ഉദയസൂര്യ ശോഭയെ ഓർമ്മിപ്പിക്കുന്നതായി തോന്നി ആദ്യ കാഴ്ചയിൽ . പരി. പിതാവിന്റെ സാരഥി ആയി 36 വർഷം കൂടെയുണ്ടായിരുന്ന സി.എം ബേബിയുടെ മക്കളെ വിവാഹം കഴിക്കുവാൻ ആലോചന വന്നപ്പോഴാണ് മോശ ദൈവത്തെ കണ്ടതുപോലെ മാത്രം കണ്ടിരുന്ന മിലിത്തിയോസ് തിരുമേനിയെ അടുത്ത് കാണുന്നതും പരിചയപ്പെടുന്നതും . കാരണം എൻറെ പെണ്ണുകാണൽ ചടങ്ങ് ആദ്യം നടന്നത് കുന്നംകുളം അരമനയുടെ മുകളിലത്തെ നിലയിൽ ആയിരുന്നു . (അവിടെ ആയിരുന്നു അന്ന് തിരുമേനി താമസിച്ചിരുന്നത്) . എൻറെ അമ്മായിഅപ്പനെ പരിചയപ്പെടുത്തിയത് മുതൽ പെൺകുട്ടിയുടെ ടട്ഘലഇ മാർക്ക് വരെ തിരുമേനി പറഞ്ഞു വാചാലനായപ്പോൾ കൂടെ ഉള്ള ഒരു ജീവനക്കാരന്റെ കുടുംബം എന്നതിൽ ഉപരിയായി അവരോടുള്ള തിരുമേനിയുടെ ആത്മാർത്ഥമായ ബന്ധവും സ്നേഹവും മനസിലാക്കുവാൻ സാധിച്ചു .തിരുമേനിയുടെ സ്നേഹം എന്നും എല്ലാവരോടും ആത്മാർത്ഥതയും ആഴവും ഉള്ളതായിരുന്നു. തിരുമേനിതന്നെ വിവാഹത്തന്റെ എല്ലാ തീരുമാനങ്ങളും തിയതിയും കുറിച്ച് വിവാഹം നടത്തി അനുഗഹിച്ചു. കുന്നംകുളത്തെ മിലിത്തിയോസ് തിരുമേനി അന്നുമുതൽ എൻറെ സ്വന്തം തിരുമേനിയായി.

അഭി. പിതാവുമായുള്ള ദീപ്തമായുള്ള ഒട്ടനവധി നിമിഷങ്ങൾ എൻറെ ജീവിതത്തിൽ ഉണ്ട് എങ്കിലും വി. യോഹന്നാൻ 21:25 ൽ പറയുന്ന പ്രകാരം ‘എല്ലാം എഴുതിയാൽ പുസ്തകങ്ങൾ ലോകത്ത് കൊള്ളില്ല ‘ എന്നതിനാൽ അതിന് ഞാനും മുതിരുന്നില്ല . എന്നിരുന്നാലും അരി വെന്തു എന്ന് അറിയുവാൻ മുഴുവൻ മുഴുവൻ ചോറും ഞെക്കി നോക്കേണ്ട കാര്യം ഇല്ല എന്ന് പറയുന്നത് പോലെ തിരുമേനിയുടെ വ്യകതിപരവും സഭാ പരവുവും സാമൂഹിക പരവുമായ ജീവിതത്തെ അറിയുവാൻ എനിക്ക് വക്തിപരമായി മാത്രം അറിയുന്ന കാര്യങ്ങൾ വിവരിക്കുന്നത് ഉചിതമെന്ന് കരുതുന്നു .

വി. സഭയുടെ കുറിച്ച് ഉള്ള ചിന്ത

2017 ലെ വിധിക്കു ശേഷം സഭാ ദിശാബോധത്തോടെ പുതിയ ചരിത്രം കുറിച്ച് യാത്രചെയ്യുന്ന സമയം . ഒരു ’തട്ടിക്കൂട്ട്’ സമാധാനം സഭക്ക് ആവശ്യമില്ല . വരും തലമുറ കോടതി വ്യവഹരത്തിൽ ശ്വാസം മുട്ടൻ ഇടയാകരുത് എന്ന് ദീർഘവീക്ഷണത്തോടെ പരി. പിതാവ് ഇടതടവില്ലാതെ മലങ്കരയുടെ ഒരു അറ്റം മുതൽ മറ്റേ അറ്റം വരെ പ്രസംഗിച്ചു.പരി . ബാവ തിരുമേനി പരുമല ആശുപതിയിൽ വിശ്രമിക്കുന്നകാലം . ക്നാനായ സമുദാ മെത്രാപ്പോലീത്തയ്ക്ക് എതിരെ അന്ത്യോഖ്യ പ്രതിയാർക്കിസ് ബാവ ശക്തമായി നടപടി എടുക്കുന്നു എന്ന് വാർത്ത വരുന്നു . അന്ത്യോഖ്യ പാത്രിയർകീസിന്റെ സമുദായത്തിന് മേൽ ഉള്ള അനാവശ്യ അധികാരത്തെ ചോദ്യം ചെയ്ത് സമുദായ മെത്രാപ്പോലീത്ത രംഗത്ത് വരുന്നു എന്ന വാർത്ത വ്യാപിക്കുന്നു . ഇത് അറിഞ്ഞപ്പോൾ ഞാൻ പരി പിതാവിന് ഒരു സന്ദേശം ഈ വിഷയത്തെ പരാമർശിച്ച് അയച്ചു . അടുത്ത നിമിഷം തിരുമേനി എന്നെ ഫോണിൽ വിളിച്ച് . ‘ എബി , ഈ വിഷയത്തിൽ നമുക്ക് ഇടപെടേണ്ട കാര്യം ഇല്ല. നമുക്ക് കരക്ക് നിന്ന് ഇത് കണ്ട മതി. പരി. വട്ടശേരിൽ തിരുമേനിയുടെ ആശയങ്ങളും നിലപാടും ശരി ആയിരുന്നു എന്നും . 1934 ലെ ഭരണഘടന മലങ്കര സഭക്ക് എത്രമാത്രം അനിവാര്യം ആണ് എന്നും ലോകം അറിയും .അവർ ഏറ്റു പറയുന്ന ഒരു കാലം വരും .അത് കാണാൻ ഞാൻ ഒരു പക്ഷേ ഈ ലോകത്ത് കണ്ടെന്നുവരില്ല . നിങ്ങൾക്ക് ഒക്കെ അത് കാണാം . ‘

‘ ഈ സഭ സത്യത്തിനും നീതിക്കും വേണ്ടിയാണ് നിലകൊള്ളുന്നത് എന്ന് ലോകം തിരിച്ചറിയും ഇപ്പോൾ നമ്മെ എതിർക്കുന്ന മറുവിഭാഗം അത് ഏറ്റുപറയുന്ന നാൾ വരും .‘

തിരുമേനിയുടെ ഈ വാക്കുകൾ മലങ്കര സഭ എന്നത് കേവലം ഒരു ചിന്ത മാത്രം അല്ല എന്നും ആ പുണ്യവാനായ പിതാവിൻറെ ഹൃദയത്തിൽ ആഴത്തിൽ പതിഞ്ഞ ഒരു വികാരമാണ് എന്നും മനസിലാക്കുവാൻ കഴിയുന്നതായിരുന്നു . തൻറെ ബോധ്യങ്ങൾക്ക് നിരക്കാത്ത ഒരു നിലപാടും ഒരിക്കലൂം തിരുമേനി സ്വികരിച്ചിരുന്നില്ല . എത്ര പഴിയും ആക്ഷേപവും സഹിക്കേണ്ടി വന്നലും നിലപാടിൽ വെള്ളം ചേർക്കുവാനോ, സമ്മർദ്ദങ്ങൾക്ക് വഴങ്ങുവാനോ തിരുമേനി തയ്യാറായില്ല . തിരുമേനിയുടെ വാക്കുകളിൽ പറഞ്ഞാൽ ' ചകിരിനാരുപോലെ മയമില്ലാത്ത കുന്നംകുളംകാരനായി ' വ്യവഹാര രഹിത മലങ്കര സഭക്കായി തിരുമേനി നിലകൊണ്ടു. സഭക്ക് അകത്ത് നിന്നും പുറത്ത് നിന്നും കൂടെ നിന്നവരിൽ നിന്നും എല്ലാ പ്രതികൂലതകൾ നേരിട്ടപ്പോഴും ദൈവത്തിൽ ആശ്രയിച്ച് നിർഭയമായി തിരുമേനി സഭയ്ക്കു വേണ്ടി ഉറച്ചു നിന്നും . വ്യക്തിപരമായ പുകഴ്ചക്കോ, ലാഭത്തിനോ തിരുമേനി നിന്ന് കൊടുത്തിരുന്നില്ല . നിലപാടുകളുടെ കാവൽക്കാരനായി മലങ്കരയുടെ ഒരു അറ്റം മുതൽ മറ്റേ അറ്റം വരെ ഓടിനടന്ന പരി. ബാവ തിരുമേനിയുടെ ജീവസുറ്റ വാക്കുകൾ മലങ്കര സഭ അന്തിരീക്ഷത്തിൽ ഇന്നും നിറഞ്ഞു നിൽക്കുന്നു . കപട ഭക്തിയും അമിത ഭക്തിയും അദ്ദേഹത്തിന് ഇല്ലായിരുന്നു . എന്നാൽ മൗനവൃതം , നോമ്പ് അനുഷ്ടാനം , ശ്രദ്ധയോട് ഉള്ള ആരാധന ജീവിതം എന്നത് പരി. ബാവാ നിർവിഘ്നം അനുഷ്ഠിച്ച് വന്നു .

സഹജീവികളോടും ,സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരോടും , നിർദ്ധനരോടും തിരുമേനിയുടെ കരുതൽ അനുകരനീയമായിരുന്നു . പൗരസ്ത്യകാതോലിക്കായും , മലങ്കര മെത്രാപ്പോലീത്തയും എന്ന ഉന്നതമായ സ്ഥാനം അലങ്കരിക്കുമ്പോഴും സാധാരണക്കാരിൽ സാധാരണക്കാരായ ആളുകൾക്ക് എന്നും സമീപസ്ഥൻ ആയിരുന്നു പരി. ബാവ തിരുമേനി . നാനാജാതി മതസ്ഥർ തീർത്ഥാടകർക്കായി എത്തുന്ന പരുമല സെമിനാരിയുടെ മുറ്റത്ത് പരി . പൗലോസ് ദ്വിതീയൻ ബാവ തിരുമേനിയുടെ കാർ വന്ന് നിൽകുമ്പോൾ പരി. പിതാവിനെ കാണുവാനും , കൈമുത്തുവാനും ഓടികൂടുന്ന സാധാരണക്കാരുടെ കൂട്ടം ഒരു കാഴ്ചതന്നെ ആയിരിന്നു. എല്ലാവരോടും പ്രസന്നവദനനായി തിരുമേനി കൈമുത്തുന്നതും അതിൽ അടുത്ത് പരിചയം ഉള്ളവരോട് കുശലം പറയുന്നതും ഇന്നും കണ്ണിൽ നിന്ന് മായുന്നില്ല . ക്യാൻസർ രോഗികൾക്ക് ഉള്ള ചികിത്സാ സഹായം , ഭിന്നശേഷിക്കാരായ കുഞ്ഞുങ്ങൾക്ക് ഉള്ള സഹായം തുടങ്ങി ഒട്ടനവധി സാമൂഹ്യ പ്രവർത്തനം തിരുമനസുകൊണ്ടു ചുരുങ്ങിയ കാലത്തിൽ ചെയ്ത് തീർത്തു . തന്നെ സമീപിക്കുന്ന ആരെയും തിരുമേനി വെറും കൈയോടെ വിടില്ലായിരുന്നു . ഒരു സംഭവം ഒരു വൈദീകൻ പറഞ്ഞത് ഓർക്കുന്നു . അദേഹത്തിന് ഇടവക ഭരണം ഇല്ലാതെ കുറച്ചു നാൾ മാറി നിൽക്കേണ്ടി വന്നു . തിരികെ പള്ളി കൊടുക്കുവാൻ ഭദ്രാസന മെത്രാപ്പോലീത്ത അത്ര താല്പര്യം കാണിച്ചില്ല. അച്ചന് ജീവിതം വളരെ ബുദ്ധിമുട്ടിലായി . അവസാനം അച്ചൻ പരി. ബാവ തിരുമേനിയെ കണ്ടു സങ്കടം പറഞ്ഞു. വളരെ ക്ഷമയോടെ തിരുമേനി അച്ചനെ കേട്ടു . എന്തെങ്കിലും വഴി കണ്ടെത്താം കുട്ടി എന്ന് പറഞ്ഞു കൈമുത്തിച്ചു അകത്തേക്ക് പോയി. അച്ചൻ തിരികെ പോരാനായി ഇറങ്ങിയപ്പോൾ പരി.

ബാവ തിരുമനസ്സ് കണ്ടു വാതുക്കൽ ചെന്ന് തിരികെ വിളിച്ച് കയ്യിൽ ഒരു കവർ കൊടുത്ത് .' അച്ചൻ വിഷമിക്കണ്ട . ' എന്ന് ആശ്വസിപ്പിച്ച് പറഞ്ഞയച്ചു . അച്ചൻ തിരികെ വീട്ടിൽ വന്ന് മുറിയിൽ കയറി ആ കവർ തുറന്ന് നോക്കിയിട്ട് അറിയാതെ വാവിട്ട് കരഞ്ഞുപോയി. അതിൽ അമ്പതിനായിരം രൂപ ആയിരുന്നു. . എന്നോട് അച്ചൻ ഇത് പറയുമ്പോഴും ആ കണ്ണുകൾ നിറയുന്നത് ഞാൻ കണ്ടു . ഇങ്ങനെ ഒട്ടനവധി കാര്യങ്ങൾ മനസ്സിൽ നിറയുന്നുണ്ട് . എങ്കിലും വിസ്താര ഭയത്താൽ വിവരിക്കുന്നില്ല .

കാലം ചെയ്യുന്നതിന് ഏതാനും ആഴ്ചകൾക്ക് മുമ്പ് തിരുമനസ്സ് കൊണ്ട് പരുമല ആശുപത്രി കഈഡ കഴിയുമ്പോൾ ആർക്കും പ്രവശനം ഇല്ലാതിന്നപ്പോൾ അഭി. ഡോ മാത്യൂസ് മാർ തീമോത്തിയോസ് തിരുമനസ്സ് കൊണ്ട് പറഞ്ഞത് അനുസരിച്ച് എനിക്ക് പരി. പിതാവിനെ കാണുവാൻ ഒരു അവസരം ലഭിച്ചു, എൻറെ ഭാര്യാപിതാവും തിരുമേയുടെ മുറിക്ക് അടുത്ത് ഹൃദയ സംബന്ധമായ ചിക്ലിത്സക്ക് ഉണ്ടായിരുന്നത് സാഹചര്യത്തെ അനുകൂലമാക്കി എന്ന് പറയാം. കോവിഡിന്റെ എല്ലാ സുരക്ഷയും പാലിച്ച് പി.പി.ഇ എനിക്ക് പോലും എന്നെ മനസിലാക്കാത്ത രീതിയിൽ തിരുമേനിയുടെ മുറിക്ക് ഉള്ളിൽ കയറിയപ്പോൾ ആരും പറയാതെ തന്നെ തിരുമേനി പേര് വിളിച്ച് നീ ആണോ ഇവിടെ നിൽക്കുന്നത് എന്ന് ചോദിച്ചു . സത്യത്തിൽ ആ വിളി എന്നെ അതിശയിപ്പിച്ചു . ആടുകളെ ഏത് പ്രതിസന്ധിയിലും പേര് ചൊല്ലിവിളിക്കുന്ന നല്ല ഇടയൻ . നാട്യങ്ങൾ ഇല്ലാത്ത നിഷ്കളങ്ക തേജസിന്റെ ആൾരൂപം അതിയാരുന്നു പരി. ബാവ . ' തിരുമേനിയെ കാണണം എന്ന് വലിയ ആഗ്രഹം ആയിരുന്നു . കിടക്ക് അരികിൽ തിരുമേനിയുടെ കാലിൽ കൈവെച്ച് ഞാൻ പറഞ്ഞു. ഇപ്പോഴാ സാധിച്ചത് . ' ഇവരുടെ ചില നിയന്ത്രണങ്ങൾ ഒക്കെ ഉണ്ട് . അതാണ് . തിരുമേനി മറുപിടി പറഞ്ഞു . ' തിരുമേനിക്ക് വേണ്ടി ഞങ്ങൾ എല്ലാവരും പ്രാർത്ഥിക്കുന്നുണ്ട് എന്ന് പറഞ്ഞപ്പോൾ ' എബി . ലോകത്ത് ഒരു ആൾക്ക് കിട്ടാവുന്നതിൽ ഏറ്റവും വലിയ സമ്മാനം അയാൾക്ക് വേണ്ടി ആരെങ്കിലും പ്രാത്ഥിക്കുവാൻ ഉണ്ട് എന്നതാണ് . അനേകർ എനിക്ക് വേണ്ടി പ്രാർത്ഥിക്കുന്നുണ്ട് എന്ന് എനിക്ക് അറിയാം. അത് ഞാൻ ഇവിടെ ഇരുന്നും മനസിലാക്കുന്നു . സത്യത്തിൽ ആ പിതാവിന്റെ മനസ്സ് എത്ര ആഴമേറിയ ദൈവ ദർശനം നിറഞ്ഞതായിരുന്നു എന്തിന് തെളിവാണ് ആ മറുപിടി . കൂടുതൽ സംസാരിക്കുവാൻ പറ്റാത്ത സാഹചര്യം ആയതിനാൽ കാലിൽ മുത്തി ഞാൻ യാത്ര പറഞ്ഞു . തിരുമേനി കൈ വീശി കാണിച്ച് എന്നെ യാത്രയാക്കി .

ഓഫീർ തങ്ക അങ്കി അണിഞ്ഞു സുസ്മേരവധനനായി തന്നെ നെഞ്ചോട് ചേർത്ത് പിടിച്ച് സ്നേഹിച്ച മലങ്കര സഭ മക്കളോട് അവസാന യാത്ര മൊഴി ചൊല്ലുവാൻ സിംഹാസനത്തിൽ ആരൂഢനായി എഴുന്നള്ളുന്ന പരി. ബാവ തിരുമേനിയെ ആണ് പിന്നെ എനിക്ക് കാണുവാൻ കഴിഞ്ഞത് . അവസാന യാത്രയിലും ആ ഒളിമങ്ങാത്ത ചിരി പരിശുദ്ധ പിതാവ് തൻറെ മുഖത്ത് സൂക്ഷിച്ചു . പറഞ്ഞതും പ്രവർത്തിച്ചും , പ്രവർത്തിക്കുവാൻ പറ്റുന്നത് മാത്രം പറഞ്ഞും തൻറെ ജീവനേക്കാൾ കൂടുതൽ പരിശുദ്ധ സഭയെ സ്നേഹിച്ച മലങ്കരയുടെ മഹാരാജാവ് വിടചൊല്ലി . മലങ്കര സഭ ആ പിതാവിൻറെ അഞ്ചാമത് ഓർമ്മ ജൂലൈ 12 ന് കൊണ്ടാടുമ്പോൾ ഹൃദയം മുറിയുന്ന നോവോടെ അല്ലാതെ ആർക്കും ആ വേർപാട് സ്മരിക്കുവാൻ കഴിയുന്നില്ല . ആ ദീപ്ത സ്മരണക്ക് മുമ്പിൽ പ്രാർത്ഥന പൂർണ്ണമായ ആദരാഞ്ജലികൾ .

പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ സ്നേഹത്തിന്റെയും വിനയത്തിന്റെയും ആത്മീയ തേജസ്സിന്റെയും പ്രതിരൂപം

വർഗീസ് പൗലോസ്

(Vice President, SDOF- SGOC SOHAR OMAN)

ചില വ്യക്തിത്വങ്ങൾ ചരിത്രത്തിന്റെ താളുകളിൽ മാത്രം ഒതുങ്ങുന്നവരല്ല. അവർ ജീവിക്കുന്ന കാലഘട്ടത്തെയും തലമുറകളെയും പ്രകാശിപ്പിക്കുന്ന ദീപസ്തംഭങ്ങളാണ്. അത്തരം അപൂർവ വ്യക്തിത്വമായിരുന്നു ഒശല ഒീഹശ ിലൈ ആമലെഹശീ ജമൗഹീലെ കക ഇമവേീഹശരീ. മലങ്കര സഭയുടെ ആത്മീയ ശിരോഭൂഷണമായിരുന്ന അദ്ദേഹം, അധികാരത്തിന്റെ മഹത്വത്തേക്കാൾ സ്നേഹത്തിന്റെയും വിനയത്തിന്റെയും ലാളിത്യത്തിന്റെയും മഹത്വമാണ് ലോകത്തിന് കാട്ടിക്കൊടുത്തത്.

അദ്ദേഹത്തിന്റെ ജീവിതം ഒരു സന്ദേശമായിരുന്നു. അദ്ദേഹം സംസാരിച്ച വാക്കുകളേക്കാൾ ശക്തമായി സംസാരിച്ചത് അദ്ദേഹത്തിന്റെ പുഞ്ചിരിയും, കരുണ നിറഞ്ഞ ദൃഷ്ടിയും, എല്ലാവരെയും ഒരുപോലെ ചേർത്തുപിടിക്കുന്ന പിതൃഹൃദയവുമായിരുന്നു. ആരെയും അകറ്റിനിർത്താത്ത, എല്ലാവരെയും കേൾക്കാൻ സന്നദ്ധനായ ഒരു ആത്മീയ പിതാവായിരുന്നു അദ്ദേഹം.

സിംഗപ്പൂരിൽ ലഭിച്ച മറക്കാനാവാത്ത അനുഗ്രഹ നിമിഷം

എന്റെ ജീവിതത്തിൽ എന്നും മായാത്ത ഓർമ്മയായി സൂക്ഷിക്കുന്ന ഒരു അനുഭവമുണ്ട്. സിംഗപ്പൂരിൽ വച്ച് പരിശുദ്ധ ബാവായെ നേരിൽ കാണുവാൻ ലഭിച്ച ഭാഗ്യം.

ആ കൂടിക്കാഴ്ച ഏതാനും മിനിറ്റുകൾ മാത്രം നീണ്ടുനിന്നതായിരുന്നു. എന്നാൽ ആ ചുരുങ്ങിയ നിമിഷങ്ങൾ എന്റെ ഹൃദയത്തിൽ പതിഞ്ഞത് ജീവിതകാലം മുഴുവൻ നിലനിൽക്കുന്ന ആത്മീയ അനുഭവമായിട്ടാണ്.

പരിശുദ്ധ ബാവായുടെ സന്നിധിയിൽ എത്തിയ നിമിഷം തന്നെ ഒരു അപൂർവമായ സമാധാനം മനസ്സിൽ നിറഞ്ഞു. അദ്ദേഹത്തിന്റെ കണ്ണുകളിൽ കണ്ടത് അധികാരത്തിന്റെ ഗാംഭീര്യമല്ല; പിതാവിന്റെ സ്നേഹമായിരുന്നു. അദ്ദേഹത്തിന്റെ കൈകളിൽ നിന്ന് അനുഗ്രഹം സ്വീകരിച്ചപ്പോൾ അത് ഒരു ആചാരപരമായ ആശീർവാദം മാത്രമായിരുന്നില്ല; ഹൃദയത്തെ സ്പർശിച്ച ദൈവിക അനുഭവമായിരുന്നു.

ആ ചെറിയ സംഭാഷണത്തിനിടയിലും ഓരോ വ്യക്തിയെയും എത്രമാത്രം വിലമതിക്കുന്നുവെന്ന് അദ്ദേഹത്തിന്റെ പെരുമാറ്റം വ്യക്തമാക്കിയിരുന്നു. തിരക്കുകൾക്കിടയിലും ഓരോരുത്തർക്കും സമയം കണ്ടെത്തുകയും, അവരുടെ സന്തോഷവും ദുഃഖവും മനസ്സിലാക്കാൻ ശ്രമിക്കുകയും ചെയ്ത അദ്ദേഹത്തിന്റെ മനസ്സിന്റെ വിശാലത എന്നെ അത്ഭുതപ്പെടുത്തി.

അദ്ദേഹത്തിന്റെ വിനയം എന്നെ ഏറ്റവും കൂടുതൽ സ്പർശിച്ച ഗുണമായിരുന്നു. ഇത്രയും വലിയ ആത്മീയ സ്ഥാനത്തിരുന്നിട്ടും, ഒരിക്കലും ആ

സ്ഥാനത്തിന്റെ ഭാരം മറ്റുള്ളവർക്ക് അനുഭവിപ്പിച്ചില്ല. പകരം, സ്നേഹവും ലാളിത്യവും കൊണ്ട് ഓരോ ഹൃദയത്തിലും സ്ഥാനം നേടി.

മലങ്കരയുടെ പ്രകാശസ്തംഭം

പരിശുദ്ധ പൗലോസ് ദ്വിതീയൻ ബാവാ മലങ്കര സഭയുടെ ഭരണാധികാരി മാത്രമായിരുന്നില്ല; സഭയെ ഐക്യത്തിന്റെ വഴിയിലേക്ക് നയിച്ച ആത്മീയ ഗുരുവായിരുന്നു.

സഹിഷ്ണുതയും ക്ഷമയും പരസ്പര ബഹുമാനവും അദ്ദേഹത്തിന്റെ ജീവിതത്തിന്റെ മുഖമുദ്രകളായിരുന്നു. ഭിന്നതകളെ വൈരമായി കാണാതെ, അവയെ സ്നേഹത്തിലൂടെ പരിഹരിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഹ്വാനം.

യുവജനങ്ങളോട് അദ്ദേഹം പുലർത്തിയ സ്നേഹവും വിശ്വാസവും എന്നും ശ്രദ്ധേയമായിരുന്നു. സമൂഹത്തിലെ ദരിദ്രരോടും രോഗികളോടും വേദനിക്കുന്നവരോടും അദ്ദേഹം കാണിച്ച കരുണ ക്രിസ്തുവിന്റെ സ്നേഹത്തിന്റെ ജീവിക്കുന്ന മാതൃകയായിരുന്നു.

നമ്മെ പഠിപ്പിച്ച പാഠങ്ങൾ

പരിശുദ്ധ ബാവായുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്:

സ്ഥാനത്തേക്കാൾ വലിയതാണ് വിനയം.

ശക്തിയേക്കാൾ മഹത്തരമാണ് സ്നേഹം.

അധികാരത്തേക്കാൾ ദൈവികമാണ് സേവനം.

വാക്കുകളേക്കാൾ ശക്തമാണ് മാതൃകാപരമായ ജീവിതം.

ഇവയാണ് അദ്ദേഹം തലമുറകൾക്കായി സമ്മാനിച്ച അമൂല്യ പാഠങ്ങൾ.

ശരീരം വിശ്രമിച്ചാലും പ്രകാശം അസ്തമിക്കില്ല

ഭൗതികമായി അദ്ദേഹം നമ്മോടൊപ്പമില്ലെങ്കിലും, അദ്ദേഹത്തിന്റെ ഓർമ്മകളും ഉപദേശങ്ങളും ജീവിതസാക്ഷ്യവും ഇന്നും അനേകം ഹൃദയങ്ങളിൽ ജീവിക്കുന്നു. ഒരു യഥാർത്ഥ ആത്മീയ നേതാവ് മരണത്തോടെ അവസാനിക്കുന്നില്ല; അദ്ദേഹം വിതച്ച വിശ്വാസവും പ്രത്യാശയും സ്നേഹവുമാണ് തലമുറകളിലൂടെ ജീവിക്കുന്നത്.

പരിശുദ്ധ പൗലോസ് ദ്വിതീയൻ ബാവായുടെ ജീവിതം എന്നും മലങ്കരയുടെ ചരിത്രത്തിൽ സ്വർണ്ണലിപികളാൽ രേഖപ്പെടുത്തപ്പെടും. അദ്ദേഹത്തിന്റെ പ്രാർത്ഥനകളും മാതൃകയും സഭയ്ക്കും സമൂഹത്തിനും എന്നും വഴികാട്ടിയാകും.

ആദരാഞ്ജലികൾ.

മലങ്കരയുടെ നിഷ്കളങ്ക തേജസേ... അങ്ങയുടെ സ്നേഹപൂർണ്ണമായ പുഞ്ചിരി ഇന്നും ഞങ്ങളുടെ മനസ്സുകളിൽ പ്രകാശിക്കുന്നു.

അങ്ങയുടെ കരുണ നിറഞ്ഞ വാക്കുകൾ ഇന്നും ഞങ്ങളുടെ ആത്മാവിനെ ശക്തിപ്പെടുത്തുന്നു.

സിംഗപ്പൂരിൽ ഏതാനും നിമിഷങ്ങൾ മാത്രമായിരുന്നു അങ്ങയെ നേരിൽ കാണാൻ എനിക്ക് ലഭിച്ച ഭാഗ്യം. എന്നാൽ ആ ചുരുങ്ങിയ കൂടിക്കാഴ്ച ഒരു ജീവിതകാലത്തെ ആത്മീയ സമ്പത്തായി മാറി. അങ്ങയുടെ സാന്നിധ്യത്തിൽ ഞാൻ അനുഭവിച്ചത് ഒരു സഭാധ്യക്ഷനെ മാത്രമല്ല, ക്രിസ്തുവിന്റെ സ്നേഹം ജീവിതത്തിലൂടെ പ്രതിഫലിപ്പിച്ച ഒരു യഥാർത്ഥ പിതാവിനെയായിരുന്നു.

അങ്ങ് ഞങ്ങൾക്ക് നൽകിയ സ്നേഹവും അനുഗ്രഹവും പ്രചോദനവും എന്നും ഞങ്ങളുടെ ഹൃദയങ്ങളിൽ നിലനിൽക്കും.

നിത്യശാന്തിയിൽ വിശ്രമിക്കണമേ, പരിശുദ്ധ ബാവായേ.

“നല്ലതും വിശ്വസ്തനുമായ ദാസാ, നിന്റെ കർത്താവിന്റെ സന്തോഷത്തിലേക്ക് പ്രവേശിക്ക.” (മത്തായി 25:23)

Rest in Eternal Peace, Your Holiness.

Your legacy of humility, compassion, faith, and fatherly love will continue to inspire the Malankara Church and generations yet to come.

ഓതറ സെന്റ് മേരിസ് SDOF യൂണിറ്റിന്റെ പ്രവർത്തനോദ്ഘാടനം നടന്നു. ഇടവക വികാരി ഫാ. വിൽസൺ ശങ്കരത്തിൽ ഉദ്ഘാടനം നിർവ്വഹിച്ചു. ചെങ്ങന്നൂർ ഭദ്രാസന SDOF ജോയിന്റ് സെക്രട്ടറി വത്സമ്മ വർഗീസ്, ഉമായാറ്റുകര ഡിസ്ട്രിക്റ്റ് സെക്രട്ടറി ഷാജി മാത്യു, ചെങ്ങന്നൂർ ഡിസ്ട്രിക്റ്റ് സെക്രട്ടറി മനു റ്റി. തോമസ്, പന്തളം ഡിസ്ട്രിക്റ്റ് സെക്രട്ടറി മോളി ജോർജ് എന്നിവർ സംബന്ധിച്ചു.

കാരക്കാട് സീനായിക്കുന്ന് സെന്റ് മേരിസ് ഓർത്തഡോക്സ് പള്ളിയിലെ സെന്റ് ഡയനിഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ചെങ്ങന്നൂർ പുലിയൂരിൽ പ്രവർത്തിക്കുന്ന കാൽവരി അഭയഭവനം സന്ദർശിച്ചു. യൂണിറ്റിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടായിരുന്നു അംഗങ്ങൾ അഭയഭവനത്തിലെ അന്തേവാസികൾക്കൊപ്പം സമയം ചിലവഴിച്ചത്. യൂണിറ്റ് പ്രസിഡന്റും ഇടവക വികാരിയുമായ ഫാ. സെബി തോമസ് ബേബി നേതൃത്വം നൽകി. അഭയഭവനത്തിന്റെ സുഗമമായ നടത്തിപ്പിലേക്കായി ഫെലോഷിപ്പിന്റെ വകയായുള്ള ധനസഹായവും നിത്യോപയോഗ സാധനങ്ങളും അദ്ദേഹം അധികൃതർക്ക് കൈമാറി.



മലങ്കര തൻ സ്നേഹജ്യോതിസ്സാം പൗലോസ് ദ്വിതീയൻ ബാവാ

ക്രിസ്തു- സ്നേഹത്തിൻ, അളവററതാം പ്രവാഹമാണീ!
കിഴക്കിൻഅധിപതി-യായിരുന്നതാം പൗലോസ്-ദ്വിതീയൻ കാതോലിക്ക!
കുന്നംകുളം നസ്രാണി, സംസ്കാരത്തിൽ ഉദാത്ത പ്രതീകം!
ക്രിസ്തു കിരണത്തിൻ, ശോഭനയേററുന്നതാം ഭാഗ്യതാതാ:
പച്ച മനുഷ്യൻ, തൻ സുഗന്ധം പരത്തിയ പിതാവാണീ ബാവാ:
മരണത്തിനപ്പുറം തെളിയുന്നതാം നിഷ്കളങ്ക പുഞ്ചിരി തൻ ഉടമ
സഭാ സമാധാനം പൂർണമായി: നടപ്പിലാക്കുവാൻ
ഏറെ സഹനങ്ങളും, പരിഹാസങ്ങളും സഹിച്ചൂ
നറുപുഞ്ചിരിയോടെ: സഹജീവികൾ തൻ വേദന മാറ്റാൻ,
സഹായഹസ്തം ആയി തീർന്നു!
'സ്നേഹ സ്പർശം' സ്വന്തമാക്കി കരുതലിൻ കാവൽശ്രേഷ്ഠൻ
തൻ ശുശ്രൂഷകാലം നേരിട്ടതാം, പ്രതിബന്ധങ്ങളെ ഒക്കെയും;
'നേരു നിരങ്ങിയ വരൂ' എന്നതാം, വിശ്വാസോക്തിയാലേ വെന്നൂ!
സഭയുടെ ഭിത്തിയെ ബലവത്താക്കീ പ്രാർത്ഥനശക്തി: വിനയത്തിൻ മകുട
ഉദാഹരണം ആണീ നസ്രാണി സിംഹം!
കൊറോണ- രോഗബാധ നാട്ടിൽ നിന്ന്നീങ്ങിപോകാ-നായി പ്രാർത്ഥിച്ചു!
പരുമല ആശുപത്രി ശയ്യയിൽ മോശ സമം മുഖ ചർമ്മം ശോഭിച്ചു!
നീതിപൂർവ്വമാം സമാധാനമാണ് ശാശ്വത സമാധാനം എന്ന് ഉരച്ചു:
തട്ടിക്കൂട്ടുന്നതാം സമാധാനത്തെ വെറുത്തതാം, മലങ്കരമെത്രാൻ!
അരമനയിൽ എത്തുമേവർക്കും കരുണവിലക്കരു-തെന്ന് അരുളിയ
'സാന്ത്വനം' തന്നിലെ ഓമനകളെ ഉറ്റു സ്നേഹിച്ചതാം മേലദ്ധ്യക്ഷൻ
പ്രഗത്ഭനാം ഭരണകർത്താ: രാഷ്ട്ര, മത മേൽഅധികാരികളുമായി
ചരിത്ര കൂടിക്കാഴ്ച നടത്തി മലങ്കര തൻ പ്രൗഢി ഉദ്ദീപിച്ച ശ്രേഷ്ഠപിതാ!
ഹൃദയ സ്നേഹത്തിൻ നിർമ്മല പ്രകാശമാണീ സുസ്മേരവദനൻ!
വ്യവഹാരങ്ങൾ സമാപ്തിവേളയിൽ സഭാ നൗകയെ നയിച്ച പിതാവേ!
അർത്ഥിക്കണമേ! മക്കൾക്കായി അങ്ങ് തൻ വാനവ ബലിയിൽ!

– സാബു ജോർജ്, കടമ്മനിട്ട

ബാംഗ്ലൂർ ഭദ്രാസനത്തിലെ സെന്റ് ഡയനീഷ്യസ് ഫെലോഷിപ്പ് പ്രവർത്തനങ്ങൾക്ക് തുടക്കമായി

ബാംഗ്ലൂർ: 2026 മാർച്ച് മാസം 22-നു ബാംഗ്ലൂർ St Gregoriose Orthodox Cathedral-ൽ വെച്ച് St. Dionysius Orthodox Fellowship ന്റെ പ്രസിഡണ്ടും ബാംഗ്ലൂർ ഭദ്രാസന സഹായ മെത്രാപ്പോലീത്തായുമായ ഗീവർഗ്ഗീസ് മാർ പീലക്സിനോസിന്റെ സാന്നിധ്യത്തിൽ ഭദ്രാസനത്തിലെ St Dionysius Orthodox Fellowship ന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. മെത്രാപ്പോലീത്തായുടെ അധ്യക്ഷതയിൽ ഭദ്രാസനത്തിലെ ഇടവകകളിൽ നിന്നുള്ള വൈദീകരും ഏകദേശം 150-തോളം അംഗങ്ങളും പങ്കെടുത്ത ചടങ്ങിൽ ഫാ. നിതിൻ വി രാജൻ സ്വാഗതം പറഞ്ഞു. SDOF ഭദ്രാസന വൈസ് പ്രസിഡണ്ട് ഫാ. കെ. എം. ജേക്കബ് പുതിയതായി രൂപീകൃതമായ ഈ ആത്മീയ പ്രസ്ഥാനത്തിന്റെ ലക്ഷ്യത്തെക്കുറിച്ചും മുമ്പോട്ടുള്ള ക്രമബദ്ധമായ പദ്ധതികളെ കുറിച്ചും സംസാരിച്ചു.

ഭദ്രാസന സെക്രട്ടറി ഫാ. സ്കറിയ മാത്യു ആശംസകൾ അർപ്പിച്ചു. SDOF ഭദ്രാസന സെക്രട്ടറി റൂബെൻ ജേക്കബ് സഭാപിതാക്കന്മാരുടെ ജീവിത പശ്ചാത്തലത്തെ മുൻനിർത്തി ഇന്ന് നാം നേരിടുന്ന പ്രശ്നങ്ങളെ ആസ്പദമാക്കി ഒരു ക്ലാസ് എടുത്തു. ചടങ്ങിൽ പങ്കെടുത്ത ഏവർക്കും SDOF ഭദ്രാസന ജോയിന്റ് സെക്രട്ടറി ലിനി ജിമ്മി ജോൺ കൃതജ്ഞത അറിയിച്ചു.

ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ ഇടവക പെരുന്നാളിനും പരിശുദ്ധ മാർത്തോമാ ശ്ലീഹായുടെ ദുക്റോനോ പെരുന്നാളിനും പ്രധാനകാർമ്മികത്വം വഹിക്കാനെത്തിചേർന്ന മദ്രാസ് ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗീസ് മാർ പീലക്സിനോസിനെ ഇടവക വികാരി ഫാ. അജു എബ്രഹാം, അസിസ്റ്റന്റ് വികാരി ഫാ. ചെറിയാൻ ജോസഫ്, ഇടവക ഓഫീസ് ഭാരവാഹികൾ, SDOF യൂണിറ്റ് സെക്രട്ടറി ബിജു ജോർജ് എന്നിവർ ചേർന്ന് സ്വീകരിച്ചു.

ശൂരനാട് സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകയിൽ നിന്ന് SDOF പ്രവർത്തകർ കൂനൻകുരിശ് സന്ദർശിച്ചു.

Growing Together in Christ: Marriage Beyond Romance

S. Gigy

(St. Thomas Mount Orthodox Syrian Church, Chennai)

A chechi, I know, married for twelve years, mother of two, active in her parish women's fellowship, once told me something she had never said aloud before. She said that one evening, after the children were asleep and her husband was watching the news in the next room, she sat alone in the kitchen and realised she felt completely alone.

"Everything was fine," she said. "No fight, no problem. Just… nothing. We had become two people managing a home together. I could not remember the last time we had really talked."

She is not alone in this. Behind the neatly ironed church clothes, the family photos after Holy Qurbana, the polite smiles at parish gatherings, many couples carry this quiet ache. The marriage is functioning. But something has gone still inside it.

What that stillness is asking, though, is not always what we think. It may not be asking for more romance. It may be asking for something deeper.

The Marriage We Were Promised and the One We Actually Live

In our Malayali Christian homes, marriage carries tremendous weight. It is a union of families, a sacrament of the Church, a public witness before the community. We take it seriously and rightly so.

But alongside this sacred understanding, we have also absorbed a quieter, more cultural expectation: that a good marriage looks peaceful, that conflict should stay behind closed doors, that the couple who prays together on Sunday morning must have it all together by Sunday afternoon.

This pressure to appear fine can prevent couples from ever admitting to each other, to a trusted elder, or even to God that something needs attention.

The Scriptures are more honest than we often allow ourselves to be. Paul's letter to the Ephesians does not describe a marriage of smooth surfaces. It calls husbands to love their wives as Christ loved the Church, a love that went to a cross. That is not a comfortable image. It is a sacrificial one. And it tells us that real Christian marriage was never meant to be easy. It was meant to be holy.

More Than a Covenant of Comfort

Here is a truth worth sitting with: God's primary purpose for your marriage is not your comfort. It is your Christlikeness.

This does not mean marriage should be joyless. Joy is very much part of God's design. But it does mean that the difficult seasons, the rough patches, the moments when your spouse frustrates you beyond words - these are not necessarily signs that you married the wrong person. They may be exactly where God is doing His most patient work in you.

Think of how gold is refined. The impurities do not rise to the surface in comfort. They rise under heat. Marriage, lived faithfully, creates that kind of heat, not to destroy but to purify.

Your spouse will know you more honestly than anyone else ever will and stay. That is the grace of it.

The couples who understand this, who enter marriage not just as romantics but as fellow pilgrims walking toward God tend to be the ones who come through the hard years with something richer on the other side.

The Three Pillars: Faith, Friendship and Forgiveness

In the Malayalam Christian tradition, we speak often of the home as the "church in miniature", the Kudumbam as the first place of worship. That is a beautiful vision. But it is also a demanding one. It rests, in practice, on three things. Not three feelings. Three disciplines.



Faith is the foundation and it must be personal before it can be shared. We are blessed, as Kerala Christians, to inherit a faith that goes back nearly two thousand years to the apostle Thomas himself. That heritage is a gift. But it must become our own. A husband and wife who each cultivate a living, personal walk with God - not just Sunday attendance, not just fasting during Lent, but real, daily dependence on Christ - bring something to the marriage that no amount of compatibility or good intentions can substitute. When both are rooted in God, they are freed from the impossible task of completing each other. They accompany each other instead. And a couple that prays together even simply, even briefly, even imperfectly keeps turning its weight toward the one who can actually carry it.

Friendship is the daily fabric, and it is often the first casualty of a busy Malayali household. Between the demands of work, the children's tuition and exams, the extended family obligations, the parish commitments, the WhatsApp groups that never stop; couples can go weeks barely speaking to each other as people rather than as co-managers of a shared schedule. Friendship in marriage means genuinely liking the person you married. Being curious about what they think. Laughing together over something small. Sitting on the veranda after the children are in bed and talking about something other than household logistics. It does not require grand gestures. It requires presence. The simple, faithful choice to turn toward each other rather than away.

Forgiveness is the lifeline and every married couple will need it, more often than they expect. In our culture, where family honour runs deep and the memory of elders can be long, forgiveness is not always easy to practise. We can carry hurts quietly for years, never naming them, but allowing them to slowly build walls. The ache that chechi described in her kitchen was not born in a single evening. It had been building, one small unaddressed wound at a time. Proverbs 17:9 says that "whoever covers an offense seeks love." To cover an offense is not to pretend it did not happen. It is to refuse to make it permanent. It is to say: this wound will not define us. That is not weakness. That is perhaps the most Christlike act one spouse can offer another.

What Your Spouse Is Showing You About Yourself

There is a question worth asking quietly, privately, before God: What is He forming in me through this marriage?

Not "what does my husband need to change?" or "why does my wife always…?" though those feelings are real and deserve their space. But this one first, and honestly: What am I being shaped into?

Because here is what many couples discover, often only after years: the things that irritate us most about our spouses are frequently mirrors. They reveal an impatience we did not know we carried. A need to be right that we had dressed up as principle. An inability to receive love that we had blamed on the other person's way of giving it.

The Malayalam word 'sahichu pokanam' - to bear with, to endure - carries more wisdom than it might first seem. It is not passive resignation. In the context of Christian marriage, it is an active, grace-filled choice to remain open to what God is doing in you through the person He placed beside you.

That chechi I mentioned earlier told me that what eventually began to change things was not a counselling session or a couples retreat, though both came later and helped. It was a moment alone with God where she stopped listing her husband's shortcomings and asked, simply: "Lord, what do You want to do in me?" She said something shifted. And then, slowly, something shifted between them.

The Long and Beautiful View

We have all seen them — the older couples at church, the achachen and ammachi who have been married forty or fifty years. The ones who finish each other's sentences. Who sit close in the pew without thinking about it. Who have a quietness between them that is not emptiness but depth.

They did not arrive there by accident. They arrived there by choosing each other through seasons of plenty and seasons of want, through the raising of children and the loss of parents, through disagreements that were never fully resolved and joys that were fully shared. They arrived there because, somewhere along the way, they stopped waiting to feel like staying and simply stayed.

That is the long and beautiful view of Christian marriage. It is less dramatic than what films promise us. It is more demanding than what the wedding day prepares us for. But it is also more real, more rich, and more full of God than most of us dare to imagine on the day we first say our vows.

It is a marriage not just for this life, but one that lived faithfully, points both partners and everyone watching, toward the next.

"Two are better than one… for if either of them falls, the one will lift up his companion." -Ecclesiastes 4:9–10

This is the vision. Not two flawless people. Not a home without tension or a marriage without tears. But two people who have made a sacred promise before God and their community and who keep it, quietly and faithfully, in the small moments of every ordinary day. In Christ, through Christ and toward Christ. Together.

❑

കൊല്ലാട് സെന്റ് സെന്റ് പോൾസ് പള്ളിയിലെ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് സംഘടിപ്പിച്ച 'ഇടയനോടൊപ്പം' എന്ന പരിപാടിയിൽ ഗീവർഗീസ് മാർ കൂറിലോസിനൊപ്പം ഇടവകാംഗങ്ങൾ.

കോട്ടയം ഭദ്രാസനത്തിലെ നിലയ്ക്കൽ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് യൂണിറ്റ് മാർത്തോമാ ശ്ലീഹാ സ്ഥാപിച്ച പള്ളികളിലേക്ക് നടത്തുന്ന 'ചരിത്ര പഠന യാത്ര' ഡോ. മാത്യൂസ് മാർ തീമോത്തിയോസ് ഉദ്ഘാടനം ചെയ്തു.

കടപ്ര ബേദ്‌ലഹേം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിലെ SDOF യൂണിറ്റ് പ്രവർത്തന ഉദ്ഘാടനം ഭദ്രാസന സെക്രട്ടറി സതീഷ് തോമസ് മലയിൽ നിർവഹിച്ചു. സമ്മേളനത്തിൽ വികാരി ഫാ. കോശി ഫിലിപ്പ് അദ്ധ്യക്ഷത വഹിച്ചു. ഇടവകയിലെ ആത്മീയ സംഘടനകളുടെ കോ-ഓർഡിനേറ്റർ കെ. സി. മത്തായി, SDOF യൂണിറ്റ് സെക്രട്ടറി ജോസ് ചാക്കോ, SDOF യൂണിറ്റ് വൈസ് പ്രസിഡണ്ട് മിനി ഉമ്മൻ, യൂണിറ്റ് ജോയിന്റ് സെക്രട്ടറി ലിജി ഷിബു എന്നിവർ പ്രസംഗിച്ചു.

Send your articles and news
to the following E-mail
sdofsunday@gmail.com